
# മിഴാവ്

## ലിറ്റിൽ കൈറ്റ്സ്



### അഴീക്കോട്.എച്ച്.എസ്.എസ്

2018-19

# മിഴാവ്

# ലിറ്റിൽ കൈറ്റ്സ് 2018-19




കണ്ണൂർ ജില്ലയിൽ അഴീക്കോട് പഞ്ചായത്തിലെ വൻകുളത്തുവയലിൽ സ്ഥിതിചെയ്യുന്ന അഴീക്കോട് ഹൈസ്കൂൾ ജില്ലയിലെ പ്രധാനപ്പെട്ട സ്കൂളുകളിൽ ഒന്നാണ്1950-ൽ സ്കൂളിന്റെ ആദ്യ ഡയരക്ടർമാരിൽ ഒരാളായ ശ്രീ. സി. എം. ഗോപാലൻ നമ്പ്യാരുടെ ഉടമസ്ഥതയിൽ കൊട്ടാരത്തുപാറയിലുള്ള കെട്ടിടത്തിലാണ് ഈ വിദ്യാലയത്തിന്റെ പ്രവർത്തനം ആരംഭിച്ചത്. പിന്നീട് ഡയരക്ടർമാരിൽ ഒരാളായ ശ്രീ.എ.കെ.നായരുടെ ഭാര്യ ശ്രീമതി. പി.വി.മാധവിയമ്മ സൗജന്യമായി നൽകിയ സ്ഥലത്ത് വൻകുളത്തുവയലിന്റെ ഹൃദയഭാഗത്ത് ഇന്ന് നിലവിലുള്ള കെട്ടിടം പണിതു.

1954 ഫെബ്രുവരി രണ്ടാം തീയ്യതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ.സി.സുബ്രഹ്മണ്യമാണ് സ്കൂള് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ശ്രീമാൻമാർ എ.കെ.നായർ, കെ.കണ്ണൻ, ടി.അഹമ്മദ്കുഞ്ഞി, പി.കേളുനമ്പ്യാർ, പി.കെ.അബ്ദുള്ള, സി.ശങ്കരൻ, പി.വി.ബാലകൃഷ്ണൻ നായർ, കെ.പി.കുമാരൻ, കെ.അച്യുതൻ നായർ, സി.എം.ഗോപാലൻ നമ്പ്യാർ, ഇ.നാരാണൻ നായർ എന്നിവർ സ്ഥാപക ഡയരക്ടർമാരായിരുന്നു.

സ്കൂളിന്റെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.കെ.അച്യുതൻ നായരും രക്ഷാകർതൃസമിതി പ്രസിഡണ്ട് ശ്രീ.കുഞ്ഞിരാമൻ നമ്പ്യാരുമായിരുന്നു.ഇന്ന് അഴീക്കോട് ഹൈസ്കൂളിൽ 48 ഡിവിഷനുകളാണ് ഉള്ളത്. ഇപ്പോഴത്തെ പ്രധാനാധ്യാപിക ശ്രീമതി എൻ ലസിത. രക്ഷാകർതൃസമിതി പ്രസിഡണ്ട് ശ്രീ. ധർമ്മൻ. കണ്ണൂർ ജില്ലയിലെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലൊന്നാണിത്.

വളരെ വിശാലമായ ലൈബ്രറിയും സയൻസ് ലാബും കമ്പ്യൂട്ടർ ലാബും അഴീക്കോട് ഹൈസ്കൂളിന്റെ പ്രത്യേകതയാണ്. കുട്ടികൾക്ക് അധികവായനയ്ക്കു വേണ്ടി വായനാമുറിയും പഠന സഹായത്തിനുതകുന്ന രീതിയിൽ ഓഡിയോ വിഷ്വൽ മുറിയും ഒരുക്കിയിട്ടുണ്ട്.

ഇന്ന് സമൂഹത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ അനേകം വ്യക്തികളുടെയും സാന്നിധ്യം അനുഭവിച്ചതിലൂടെ ധന്യമായ ഈ സ്കൂളിന് മഹത്തായ വലിയൊരു പാരമ്പര്യം തന്നെ അവകാശപ്പെടാനുണ്ട്.



# സന്ദേശം

എഴുത്തിന്റെയും വായനയുടെയും സർഗാത്മകതയുടെയും രംഗവേദിയാണ് വിദ്യാലയം. ഓരോ കുട്ടിയുടെയും വളർച്ചയിൽ വിദ്യാലയത്തിനും അധ്യാപകർക്കും വലിയ പങ്കുണ്ട്. കുട്ടിയുടെ സർഗാത്മകതയെ പോഷിപ്പിക്കാനും, സ്വന്തം ആശയങ്ങളുടെ ആവിഷ്കാരത്തിനുള്ള മാധ്യമം കണ്ടെത്തി മുന്നേറാൻ തന്റെ കുട്ടികളെ സഹായിക്കാനും അധ്യാപകർക്ക് കഴിയണം. പുതിയ കാലത്ത് സമൂഹമാധ്യമങ്ങൾ ഉൾപ്പെടെ പുതിയ ഇടങ്ങളുടെ കടന്നു വരവ് സർഗാത്മകതയുടെ സാധ്യതകൾ ഏറെ വർദ്ധിപ്പിച്ചിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ്, സ്കൂൾ വിക്കി എന്നിവ അത്തരത്തിൽ കുട്ടികളുടെ വളർച്ചയിൽ വലിയ പങ്കുവഹിക്കുന്ന 'ഡിജിറ്റൽ സ്പേസ്' ആയി മാറുന്നതിൽ എന്റെ സന്തോഷവും ചാരിതാർത്ഥ്യവും ഇവിടെ പ്രകടിപ്പിക്കുന്നു. നമ്മുടെ 'മിഴാവ്' മാഗസിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ കുട്ടികൾക്കും അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ.

ശ്രീമതി എൻ ലസിത
H M , AHSS



## സന്ദേശം

സർഗ്ഗാത്മകതയുടെ പുതിയ ഇടങ്ങൾ കണ്ടെത്താനും,
നന്മയും തിന്മയും വേർതിരിച്ചറിയാനും, മാനുഷിക
മൂല്യങ്ങൾ നെഞ്ചോട് ചേർക്കാനും ഈ താളുകളിലെ അക്ഷരങ്ങൾക്ക്
സാധിക്കട്ടെ. ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളുടെ ഈ ഉദ്യമത്തിന്
എല്ലാ ആശംസകളും നേരുന്നു.

Seema M V
S I T C




## സന്ദേശം

വിജ്ഞാനം വിരൽത്തുമ്പിൽ സാധ്യമാക്കുന്ന ഈ കാലഘട്ടത്തിൽ അറിവിന്റെ വിഹായസ്സിലേക്ക് കുതിക്കാൻ വെമ്പി നിൽക്കുന്ന കുട്ടിപ്പട്ടങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ധർമ്മൻ
PTA പ്രസിഡന്റ്

# സാക്ഷ്യ പത്രം

ഈ വിദ്യാലയത്തിലെ കുട്ടികൾ സ്വപ്രയത്നത്തിലൂടെ തയ്യാറാക്കിയതാണ് ഈ മാഗസിൻ എന്ന് സാക്ഷ്യപ്പെടുത്തുന്നു.



# അണിയറയിൽ .....................................

**ചിന്തയും**

**വായനയും**

**എഴുത്തും**

**കൂടെ കൂട്ടിയ കുറച്ച്**

**വിദ്യാർത്ഥികൾ**

# ആമുഖം

മാതൃഗർഭത്തിൽ നിന്നാരംഭിച്ച് ഭൂഗർഭത്തിൽ ചെന്നവസാനിക്കുന്ന ജീവിത യാത്രയിൽ കൺമുന്നിൽ അനുഭവവേദ്യമാകുന്ന ഓരോ കാഴ്ചയും നമുക്ക് ഓരോ പാഠങ്ങളാണ്. സാഹിത്യവും, സംഗീതവും, കലയും, വിനോദങ്ങളുമൊക്കെച്ചേർന്ന ഈ ജീവിതാനുഭവങ്ങളാണ് മാനവ സംസ്കാരത്തിന്റെ ഗതി നിർണ്ണയിക്കുന്നത്. പാഠപുസ്തകങ്ങൾ പകർന്നു തരുന്ന വായനാനുഭവങ്ങളല്ല പാഠപുസ്തകങ്ങൾക്ക് പുറത്തുള്ള ജീവിതത്തിന്റെ നേർക്കാഴ്ചകളാണ് ഒരുപക്ഷെ കൂടുതൽ കരുതലോടെയും കരുത്തോടെയും മുന്നോട്ട് പോകാനുള്ള ചാലകശക്തിയായി നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നത്. നിരന്തരമായ ജീവിത പോരാട്ടങ്ങളുടെയും അതിജീവനത്തിന്റെയും കനലുകൾ കോരി നിറച്ച മാനവചരിത്രം എന്നും വേദനയുടെ പക്ഷത്തു തന്നെയാണെന്ന് നമ്മൾ തിരിച്ചറിയുന്നു. എങ്കിലും ഏത് തുരങ്കത്തിനപ്പുറവും വെളിച്ചമുണ്ടെന്ന പ്രതീക്ഷ മാനവരാശിയെ ഇനിയും മുന്നോട്ട് നയിക്കുക തന്നെ ചെയ്യും.

ആ പ്രതീക്ഷയുടെ തുടിപ്പുകളാണ് ഈ താളുകളിൽ ചിറകുവിരിച്ചുയരുന്നത്. അഴീക്കോട് ഹൈസ്കൂളിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ തിരഞ്ഞെടുക്കപ്പെട്ട സൃഷ്ടികളുൾപ്പെടുത്തി തയ്യാറാക്കിയ മാഗസിൻ പൂർണ്ണമല്ല. എങ്കിലും ഇതിൽ നമ്മുടെ കുട്ടികളുടെ സർഗവാസനകളുടെ പുതുനാമ്പുകൾ കിളിർത്തുവരുന്ന അനുഭവം സാക്ഷ്യപ്പെടുത്തുന്നതിൽ അതിയായ സന്തോഷവുമുണ്ട്.

ഏറെ പ്രതീക്ഷയോടെയും പ്രത്യാശയോടെയും അവതരിപ്പിക്കുന്നു.

**മിഴാവ്**



സ്വന്തം ചിന്തകൾ മുദ്രണം ചെയ്തു കാണുമ്പോൾ ഏതൊരാൾക്കും സ്വാഭാവികമായുണ്ടാവുന്ന ആനന്ദവുംഅദ്ഭുതവും ഈ ചെറുമാഗസിനിലെഴുതിയ ഓരോ എഴുത്തുകാരുടെയും മനസ്സിലുണ്ട്. വിശാലമായ സാഹിത്യ ലോകത്ത് അടയാളപ്പെടുത്താനുള്ള ആദ്യ ശ്രമമെന്ന നിലയിൽ ഈ ചുവടുവെപ്പിന് ഏറെ പ്രാധാന്യമുണ്ട്. ആ കൗതുകം ഒട്ടും ഉള്ളിലൊളിപ്പിക്കാതെഞങ്ങൾ ഈ മിഴാവിൽ വിരലുകൾ ഓടിക്കട്ടെ.

Student Editor
Archana V P

# പത്രാധിപ സമിതി

രാജീവൻ പാറയിൽ
രാജേഷ് വാര്യർ
സീമ എം വി
പ്രിയ കെ
സന്ധ്യ കെ
പ്രസീദ വി കെ
സുഷമ ബി



അർച്ചന വി പി
ഷഹാന ഇ പി
അനഘ എ
അനാമിക പൃഥ്വിരാജ്
നന്ദന ദിനേശൻ

# സാങ്കേതിക സഹായം

രാജേഷ് വാര്യർ

പൂർണിമ കെ പി

സർജിത്ത് വി കെ

മധുസൂദനൻ എം



# ഏടുകൾ മറിയുമ്പോൾ


**കവിതകൾ......................................................15**

മിഴാവ്..........................................................16

മഴത്തോറ്റം....................................................17

പ്രളയം..........................................................18

പുഴ വന്നു വിളിച്ചപ്പോൾ..................................19

അമ്മ...........................................................20

MY COMRADE.........................................21

प्रलय...........................................................22

**കഥകൾ......................................................23**

കാനായി പുഴക്ക് പറയാനുള്ളത്......................24

സങ്കോച വികാസങ്ങൾ...................................27

കാത്തിരിപ്പ്.....................................................31

നന്മയുടെ വിളക്ക്..........................................34

टोकरे की गवाही............................................37

തവളയുടെ വള...............................................39

**ലേഖനങ്ങൾ..................................................41**

നേരിടാം ഈ മഹാപ്രളയത്തെ.........................42

വെളിച്ചത്തിന് എന്തൊരു വെളിച്ചം..................44

ലഹരിയും മനുഷ്യനും....................................47

മാറുന്ന ഭക്ഷണ ശീലവും മലയാളിയും...............49

മാതൃഭാഷയിൽ നിന്നകലുന്ന പുതുതലമുറ...........52

മഴ.................................................................54

ഭക്ഷ്യസംസ്കരണത്തിന് ആണവോർജം.............55

പട്ടം പോലെ..................................................57

കൂട്ടുകൂടാൻ ഒരു കുട്ടിത്താറാവ്...........................58

ഉറു എന്ന മാണിക്യം.......................................59

ഗണിതലാബ് എന്ത് ? എന്തിന് ?......................61

WORLD OF TODAY'S GENERATION.....62

Micrographia...............................................63

Louis Lionel Andres Messi..........................64

**പുസ്തക പരിചയം............................................65**

അഗ്നിച്ചിറകുകൾ...........................................66

കാടിന്റെ വിളി...............................................67

ദൈവത്തിന്റെ കണ്ണ്.......................................68

ഗണിതശാസ്ത്ര പ്രതിഭകൾ..............................70

HARDY BOYS.............................................71

**അഭിമുഖം.....................................................73**

തച്ചു ശാസ്ത്രത്തിലെ ഗണിതം........................74

Mathmatics Quotes.....................................76

**വരകൾ വർണങ്ങൾ.......................................78**

ഓർമ്മയിലെ സുവർണ നിമിഷങ്ങൾ..................83



# കവിതകൾ

ഒരുഹൃദയത്തിൻ

സ്പന്ദനമല്ലേ

ചെറുപൂമ്പാറ്റെ

നിൻ ചിറകിൽ

-വൈലോപ്പിള്ളി

## മിഴാവ്

തറവാട്ടുവീട്ടിലെ
അച്ഛനുറങ്ങിയ മുറിയിൽ
ആർക്കും വേണ്ടാതെ
ഇരുട്ടത്തിരിപ്പാണ്
പഴയൊരു മിഴാവ്.



ഭൂതവും ഭാവിയും
കൂട്ടിയും കിഴിച്ചും
ജനാലയ്ക്കരികിൽ
അലസമായിരിപ്പാണ്
വർത്തമാനം നഷ്ടപ്പെട്ട
മിഴാവ് ,അച്ഛനെപ്പോലെ.

കറുത്ത കൈഞരമ്പുകൾ പോലുള്ള
മാറാലയാൽ ചുറ്റിവരിഞ്ഞ്
ഓർമ്മകളെ മൗനമായി താലോലിച്ച്
ആരോടും പരിഭവപ്പെടാതെ
ജനാലപ്പടിയിലിരിപ്പാണ്
നിറം മങ്ങിയ മിഴാവ്, അച്ഛനെപ്പോലെ.

പഴയ കൂത്തിന്റെ താളപ്പെരുമയ്ക്ക്
കാതോർത്ത് കിടക്കുമ്പോഴും
ഒന്നു തൊട്ടാൽ പെരുകിയൊഴുകാൻ
വെമ്പലുണ്ട് പഴയ മിഴാവിന്;
അച്ഛനെപ്പോലെ. 



ശ്രീയ രാജീവ്
X B

## മഴത്തോറ്റം



രാജേഷ് വാര്യർ

മരച്ചില്ലയിൽ മഴത്തുള്ളിയായ്
ഇലക്കൈകളിലൂയലാടണം
മഴപ്പാട്ടിലിളകിയാടണം
മഴപ്പെയ്ത്തിൻ വരവിളിച്ച്
മലയിറക്കും തോറ്റം ചൊല്ലി



മഴക്കാലം കുതിച്ചെത്തി
മഴത്താളച്ചുവടുവെച്ച്
ഒടയിളക്കി തിരികൊളുത്തി
മഴമേളച്ചിലമ്പൊലിയിലുരഞ്ഞാടട്ടെ.
മഴത്തെയ്യം ഉറഞ്ഞെങ്ങും
നിറഞ്ഞാടട്ടെ

മഴപൂക്കും മാനത്തെ
മഴകായ്ക്കും ചില്ലകളിൽ
മഴമേഘക്കനി പറിച്ച്
ചില്ലവിട്ട് ചില്ലകളിൽ
തുള്ളിയാടി താഴെവീണ്
വേരുതൊട്ട് മണ്ണുതൊട്ട്
ചളിപുളി കുഴഞ്ഞെങ്ങും
മഴപരക്കട്ടെ

കറുകനാമ്പിൻ തുമ്പിലൊരു
തുള്ളിയായി താഴെവീണ്
ചാലായിപുഴയായി
കടലായി മാറി പിന്നെ
കടലുകത്തീട്ടാവിയായി
മഴക്കാറ്റിൻ തേരിലേറി
മഴക്കാറിൻ ഗഹ്വരങ്ങളിൽ
ഒളിച്ചിരിക്കട്ടെ
വീണ്ടും മഴയായിപ്പിറന്നെങ്ങും
നിറഞ്ഞൊഴുകട്ടെ

# പ്രളയം



അശ്വതി അനീഷ്
X B

എന്നിൽ നിന്ന് പിടിച്ചെടുത്ത എന്റെ
വഴികളെ എനിക്ക് തിരിച്ചുതരൂ
പുഴ വിലപിച്ചു .
പുഴകളുടെ മടിത്തട്ടുകൾ മനുഷ്യർ മാലിന്യം കൊണ്ട്
നിറച്ചു . ജലത്തിലെ വൈവിധ്യമാർന്ന
ജീവനുകളെ എന്നിൽ നിന്ന് കവർന്നെടുത്തു.
എന്നിട്ടും ഞാനെന്റെ നിശബ്ദത തുടർന്നു
പക്ഷേ അന്നെന്റെ വേദന അസഹനീയമായ്
എന്റെ നിയന്ത്രണം വിട്ടു .
ഞാൻ കവിഞ്ഞൊഴുകി
പ്രളയമായിമാറി . മനുഷ്യരടക്കം എല്ലാ
ജീവജാലങ്ങളും അതിൽപെട്ടു.
വീടുമുങ്ങി, നാട്ടുമുങ്ങി എല്ലാം വെള്ളത്തിനടിയിലായ്
മനുഷ്യജീവിതം നരകതുല്യമായിമാറി
എല്ലാവരും എന്നെ കുറ്റപ്പെടുത്താൻ തുടങ്ങി
പക്ഷേ ഞാനെന്താണ് ചെയ്തത് ?
എന്റെ എല്ലാം കരസ്ഥമാക്കിയത് മനുഷ്യരല്ലെ. 

## പുഴ വന്നു വിളിച്ചപ്പോൾ



അനഘ എ
IX D

പുഴയുടെ നിരന്തര പ്രലോഭനങ്ങളാണ്
എന്നെ പുഴക്കരയിലെത്തിച്ചത്
പുലരിയിലെ മഞ്ഞും
നട്ടുച്ചയിലെ വെയിലും
സായാഹ്ന നിലാക്കളിരും
പ്രലോഭനങ്ങളായി കൂടെ നിന്നു.



കൂടെ വരുന്നോ എന്ന്
അലയിളകിയത്
കണ്ടിട്ടും കാണാതെ
കേട്ടിട്ടും കേൾക്കാതെ
പുഴക്കരയിലിരുന്നു ഞാൻ.

ഒടുവിൽ പുഴ
വീട്ടിൽ വന്നു വിളിച്ചപ്പോൾ
മറുത്തു പറയാതെ ഞാൻ
വീടുവിട്ടിറങ്ങുകയായിരുന്നു
ഉറങ്ങുന്ന അച്ഛനറിയാതെ
അമ്മയെയുണർത്താതെ
അടുക്കളവാതിലിളക്കി
ഞങ്ങൾ ഒഴുകിയൊഴുകി........ 



## അമ്മ

കടലോളം സ്നേഹിച്ച്
പുഴയോളം ലാളിച്ച്
എന്നമ്മ അടുത്ത് വരും നേരം
അറിയാതെ അന്നെന്റെ
ജീവനിൽ തോന്നുന്നൊരാഹ്ലാദം
സ്നേഹിച്ച് വളർത്തിയ എന്നമ്മ പുണരുമ്പോൾ
അറിയാതെ നിറയുന്നൊരുമ്മതൻ കണ്ണിൽ
നിന്നുതിരുന്ന ആ കണ്ണീർ തുള്ളികൾ
അവയെന്റെ ദേഹത്ത് വീഴുമ്പോൾ
ഞാനും അന്നറിയാതെ കരഞ്ഞു പോയി
അമ്മതൻ സ്നേഹത്തിൽ അലിഞ്ഞു ഞാനും
അമ്മയോടൊത്തിരി സ്നേഹമാണ്
ആ ഇടം നെഞ്ചൊന്ന് പിടയുമ്പോൾ
അറിയാതെ ഞാനും കരഞ്ഞു പോന്നു
എന്തെന്നറിയില്ല അങ്ങനെയായത്
എന്നെന്നറിയില്ല ഇന്നെനിക്ക്
അവിടുന്ന് നൽകുന്ന സ്നേഹം അമ്മേ
അതെനിക്ക് നല്ല പ്രചോദനം
അമ്മയില്ലാത്തൊരു ജന്മമുണ്ടെങ്കിൽ
അത് എനിക്ക് നരകതുല്ല്യം



അനാമിക പൃഥ്വിരാജ്
VIII D


# MY COMRADE



Archana V P
IX B

Hey friend!
You were the one who made
Our sluggish classes
Dynamic & joyful.

Hey colleague !
You are my blaze in the
darkest path, my mentor
In the career path.



Hey well wisher!
Don't leave my hand
I'm drowning into the
Morass of fate & lies.

Hey buddy !
Thanks for always being with me
As a friend & as a mentor.

# प्रलय



मिरवैस ऑमर ए नसीऱ्

X H

प्रलय मे डूबी केरल

प्रलय में डूबी केरल

सब लोगो की आत्मा लेकर

प्रलय ने केरल को तोड दिया

जब लोग सो रहे थे

तब प्रलय कैरल को रुलाया

जाति- मत- वरण भेद भुलाकर

सब लोग ने हाथ मिलाया

जब प्रकृति पर हमने हाथ उठाया

तब प्रकृति ने उत्तर दिया

मनुष्य केवल प्रकृति का हिस्सा है

एसे कई सिख प्रकृति ने हमको

बहुत अच्छी तरह सिखाया। 



# കഥകള്‍

കഥകളേറെയുണ്ടീ ഈ കാട്ടുചോലയ്ക്ക് പറയാന്‍...........

## കാനായി പുഴക്ക് പറയാനുള്ളത്

കൃഷ്ണപുരം എന്ന ഗ്രാമത്തിന്റെ ഊർജവും, ഉന്മേഷവും, തിളക്കവുമാണ് കാനായി പുഴ. ആ നാടിന്റെ ജലസ്രോതസ് കൂടിയാണ് ആ പുഴ. ആ പുഴ ശരിക്കും ജീവിതത്തെ പോലെ തന്നെയാണ്. അതിന്റെ ഒഴുക്ക് നിലച്ചാൽ അത് പുഴയെയല്ല, തടാകമായിരിക്കും. ആ പുഴ പ്രണയത്തിന്റെയും, വിരഹത്തിന്റെയും, മരണത്തിന്റെയും, വേർപാടിന്റെയും,  അതിജീവനത്തിന്റെയും സാക്ഷിയാണ്. ഒരു സമൂഹത്തിന്റെ വിളക്കുതന്നെ ആയിരുന്ന ആ പുഴ ഒരു വലിയ ആപത്തിൽ പെട്ടിരുന്നു.ആ ആപത്തിൽ നിന്ന് കാനായി പുഴയെ രക്ഷിച്ചത് രണ്ടുപേർ ആയിരുന്നു.കാനായി പുഴ എന്താണെന്നറിയണമെങ്കിൽ അവരാരാണെന്നറിയണം, കാനായി പുഴയുടെ കൂട്ടുകാർ.

പ്രഭാതം. പുൽക്കൊടികൾക്കിടയിൽ തിങ്ങിനിൽക്കുന്ന മഞ്ഞുമുത്തുകൾ, സൂര്യകിരണങ്ങൾ അതിൽ തട്ടുമ്പോൾ വൈരമുത്തുകൾ പോലെ തിളങ്ങുന്നു. മലയോരങ്ങൾക്കിടയിലായി മഴവില്ലിന്റെ വർണ്ണനാ ചിത്രം. മരങ്ങൾക്കിടയിലൂടെ തിളങ്ങി നിൽക്കുന്ന കാനായി പുഴ. ദൂരെ നിന്നു നോക്കിയാൽ കണ്ണാടി പോലെ തിളങ്ങുന്ന മനോഹരമായ പുഴ. ആ കാലത്ത് സൗഹൃദവും സ്നേഹവുമായിരുന്നു നിറഞ്ഞു നിന്നത്. അങ്ങനെ വീട്ടിന്റെ  മുറ്റത്തും മരങ്ങൾക്കിടയിലും കളിച്ചു നടക്കുകയായിരുന്നു ഗായത്രിയും കൂട്ടുകാരും. അവർ അങ്ങനെ കാനായി പുഴയുടെ അരികിലെത്തി. അവർ കളിക്കാൻ തുടങ്ങി. അവരുടെ കളിചിരി കണ്ട് കാനായി പുഴയ്ക്ക് തിളക്കം കൂടി.

ഒരു ദിവസം രാവിലെ ഗായത്രി അവളുടെ വസ്ത്രങ്ങൾ അലക്കാനായി കാനായി പുഴയിലേക്കു വന്നു. അതായിരുന്നു അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ ദിവസത്തിലൊന്ന്. അവളുടെ കളിക്കൂട്ടുകാരൻ ആയിരുന്ന ശ്രീജിത്ത് അവന്റെ മനസ്സിലുള്ള പ്രണയം ആ പുഴക്കരയിൽ വച്ച് തുറന്നു പറഞ്ഞു. അവൾക്ക് വിശ്വസിക്കാനായില്ല. എങ്കിലും തന്റെ കളിക്കൂട്ടുകാരനോട് മനസ്സിൽ എവിടെയോ ഇഷ്ടം ഉണ്ടായിരുന്നു. അത് അവളെ പ്രണയത്തിലേക്ക് വഴി തിരിച്ചു വിട്ടു. പിന്നെ ആ പുഴ അവരുടെ മധുരമായ പ്രണയത്തിന്റെ സാക്ഷിയായി.ഒരു മനസ്സും രണ്ടു ശരീരവുമായി അവർ ആ പുഴക്കരയിലൂടെ പ്രണയിച്ചു നടന്നു. സന്തോഷവും, സങ്കടവും, ഇണക്കവും, പിണക്കവും നിറഞ്ഞ അവരുടെ പ്രണയത്തിൽ ലയിച്ച് കാനായി പുഴ

ഒഴുകി. കാലം കടന്നു പോയത് അവർ അറഞ്ഞില്ല. കുട്ടികളി മാറാത്ത അവരുടെ ജീവിതത്തിലേക്ക് ഒരു ഇടിമിന്നൽ വരാനായി എന്ന് അവർ അറിഞ്ഞിരുന്നില്ല. അവർ ആ നിമിഷങ്ങൾ ആസ്വദിച്ചു.

അവരുടെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു ആ ദിവസം. അവർ പ്രതീക്ഷിക്കാത്ത ഒരു കാര്യം. ഗായത്രിക്ക് കല്യാണ പ്രായമായതിനാൽ അവളുടെ വീട്ടുകാർ കല്യാണം ആലോചിക്കാൻ തുടങ്ങിയിരുന്നു. അങ്ങനെ അവസാനം ഗായത്രിയുടെ പെണ്ണുകാണൽ ചടങ്ങ് നടന്നു. എല്ലാവർക്കും ആ ബന്ധം ഇഷ്ടപ്പെട്ടു, അതുറപ്പിച്ചു. ഗായത്രി എത്ര പറഞ്ഞിട്ടും അത് മുടങ്ങിയില്ല. അന്ന് മറ്റൊരു കാര്യം കൂടി നടന്നു. അവരുടെ പ്രണയ സാക്ഷിയായ കാനായി പുഴ നാശത്തിന്റെ വക്കിലായി. കാരണം അവിടെ ഒരു വ്യവസായ ശാല ആരംഭിക്കാൻ പോകുകയാണ്. അത് ആ പുഴയുടെ മുഖഛായ മാറ്റി മറിക്കും. കണ്ണാടി ചില്ലുപോലെ തിളങ്ങുന്ന ആ പുഴയിൽ മാലിന്യം നിറയും. ഇരുണ്ട നിറത്തിലുള്ള ആ പുഴയുടെ ഒഴുക്ക് ആർക്കും സങ്കൽപ്പിക്കാൻ പറ്റുന്നതായിരുന്നില്ല. അവരുടെ പ്രണയത്തിന് സാക്ഷിയായ ആ പുഴ നശിക്കുന്നത് കാണാൻ അവർക്ക് ഇഷ്ടമല്ലായിരുന്നു. രണ്ടു കാര്യങ്ങളും ശ്രീജിത്തിന്റെ മനസ്സ് തകർത്തു.അവിടെ നിന്ന് ശ്രീജിത്തിന് ഗായത്രിയുടെ വാക്കുകൾ ഉയർത്തെഴുന്നേൽക്കാൻ പ്രചോദനമായി.പുഴയുടെ ജീവിതമാണോ



അതോ തങ്ങളുടെ ജീവിതമാണോ സംരക്ഷിക്കേണ്ടത് എന്ന് അവർക്ക് മനസ്സിലായില്ല. എങ്കിലും അവർ തങ്ങളുടെ ജീവിതം വിട്ട് പുഴയെ സംരക്ഷിക്കാൻ ഇറങ്ങി. എന്നാൽ ഗായത്രി വീട്ടുതടങ്കലിൽ അകപ്പെട്ടു. അതൊന്നും ശ്രീജിത്തിനെ തളർത്തിയില്ല. ശ്രീജിത്ത് പുഴയെ സംരക്ഷിക്കുന്നതിന് നേതൃത്വം നൽകി. അതിനുശേഷം അവിടെ സമരങ്ങളും, സത്യാഗ്രഹങ്ങളും, പ്രകടനങ്ങളും നടന്നു. ഇതിനിടയിൽ ആരും അറിയാതെ ശ്രീജിത്ത് ഗായത്രിയെ കാണുന്നുണ്ടായിരുന്നു. അത് അവർക്ക് ആത്മവിശ്വാസവും പ്രതീക്ഷയും നൽക്കി. അന്നൊരു ദിവസം അവർ കണ്ടു . എന്നാൽ അവർ അറിഞ്ഞില്ല അത് അവരുടെ അവസാനത്തെ കണ്ടുമുട്ടലായിരുന്നു എന്ന്. അന്ന് ഒരു വലിയ സമരം നടന്നു. ഏകദേശം അഞ്ഞൂറുപേർ പങ്കെടുത്തു. വ്യവസായികളുടെ കൂടെ കാക്കിയിട്ട പോലീസുകാർ ഉണ്ടായിരുന്നു. അവർ

ആ സമരത്തിലേക്ക് വെടിയുതിർത്തു. മാലിന്യം കലരരുത് എന്ന് വിചാരിച്ച ആ പുഴ ഒരു ചോരക്കടലായി. അതിൽ ശ്രീജിത്തിന്റെ രക്തം ഉണ്ടായിരുന്നു. ഏകദേശം നൂറ് പേർ മരിച്ചു. പോലീസ് വെടിയുതിർത്തത് ജനങ്ങൾക്ക് നേരെ മാത്രം ആയിരുന്നില്ല. അവരുടെ പ്രണയബന്ധത്തിലേക്ക് കൂടി ആയിരുന്നു. ഗായത്രി ആ വാർത്ത അറിഞ്ഞപ്പോൾ അവൾ ദു:ഖകടലിലേക്ക് ആണ്ടു പോയി. ശ്രീജിത്തിന്റെ ഓരോ വാക്കും അവരുടെ പ്രണയനിമിഷങ്ങളും കാനായി പുഴയുടെ ഭംഗിയും അവൾക്കുടെ ഉയർത്തെഴുന്നേൽപ്പിനുള്ള ചവിട്ടുപടിയായി.

അവൾ തന്റെ പ്രിയതമന്റെ ജീവനെടുത്ത വ്യവസായികൾക്കെതിരെ പോരാടാൻ തീരുമാനിച്ചു. അവൾക്ക് പിന്നിലായി കുട്ടികളും, സ്ത്രീകളും പുരുഷന്മാരും അണിനിരന്നു. എന്നാൽ അവൾ അറിഞ്ഞില്ല അത് അവൾക്ക് ശത്രുക്കളെ സമ്മാനിക്കുമെന്ന്.അവളുടെ നേതൃത്വത്തിലുള്ള സമരത്തിൽ വ്യവസായികൾക്ക് പിടിച്ചു നിൽക്കാൻ സാധിച്ചില്ല. അവർ പിന്മാറി. അവരുടെ മനസ്സിൽ ഗായത്രിയോടുള്ള ശത്രുത വർദ്ധിച്ചു. ഗായത്രി കാരണം അവർക്ക് കോടികൾ നഷ്ടമായി. ഗായത്രിയോടുള്ള ദേഷ്യം അടക്കിപ്പിടിച്ച് അവർ അവിടെ നിന്ന് പാലായനം ചെയ്തു . കാനായി പുഴ അവർക്ക് തിരിച്ചുകിട്ടി എന്ന് അവർക്കാർക്കും വിശ്വസിക്കാനായില്ല. അവർ അവരുടെ ആഹ്ലാദപ്രകടനങ്ങൾ ആരംഭിച്ചു. കാനായി പുഴ അതിന്റെ ഉന്മേഷം വീണ്ടെടുത്ത് ഒഴുകാൻ തുടങ്ങി. അവിടെ ശ്രീജിത്തിന്റെ വിടവ് നികത്താൻ ആർക്കുമായില്ല. ഗായത്രിയുടെ മുഖത്ത് ആ വിടവ് മനസ്സിലാകുന്നുണ്ടായിരുന്നു. അവൾക്കും ആ വിഷമം സഹിക്കാൻ കഴിയാത്തതായിരുന്നു.

അങ്ങനെ കാനായി പുഴ അവളെ ശ്രീജിത്തിന്റെ അടുത്തേക്ക് കൊണ്ടു പോയി. അവർ സ്വപ്നത്തിന്റെ സ്വർഗ്ഗ ലോകത്ത് പ്രണയിച്ച് നടക്കാൻ തുടങ്ങി. അതിനുശേഷം കാനായി പുഴ പ്രണയസാക്ഷി എന്നറിയപ്പെട്ടു.



അനഘ പി വി
IX G

## സങ്കോച വികാസങ്ങൾ

എന്റെ വീട് ഒരു ഗ്രാമത്തിലാണ്. നിറയെ പുൽമേടുകളും പാടവരമ്പും ആണ് ഈ ഗ്രാമത്തിന്റെ പ്രത്യേകത. എന്റെ അച്ഛനും അമ്മയും എനിക്ക് പുത്തനുടുപ്പുവാങ്ങാനായി പോയതാണ്. എന്റെ പിറന്നാളിന് എനിക്ക് ഉടുക്കാൻ വേണ്ടി. ഞാൻ വീട്ടിൽ തനിച്ചായിരുന്നു. അവർ എന്നെ കൂട്ടാതിരുന്നത് സ്കൂളുള്ളതിനാളാണ്. ഞാൻ ഒരു പൂവിന്റെ ചിത്രം വരക്കുയാണ്. റോസാപ്പൂ. ചിത്രം വരച്ചുകഴിയാറായപ്പോഴേക്കും ഒരു ഫോൺ വിളി. ടെലിഫോണിലേക്കുവന്ന ആ ഫോൺ കോളാരായിരിക്കും എന്ന ആവേശത്തോടെ ഞാൻ ഫോണെടുത്തു. അത് ഒരു അജ്ഞാതനായ മനുഷ്യന്റെ ശബ്ദമായിരിന്നു. "മോളെ മോളെ അച്ഛനും അമ്മയും....."

"അച്ഛനും അമ്മയും ...എന്താണ്"

"അച്ഛനും അമ്മയും പോയി"

"എന്ത്?"

ഞാൻ അലറിവിളിച്ചു.

"എവിടെയാണ് അച്ഛനും അമ്മയും?"

"ഇവിടെ തൊട്ടടുത്തുണ്ട്. കുറച്ചുമാറി റോഡിനരികിൽ വേഗം വാ.."

ഞാൻ ഓടി ചെന്നു. അച്ഛനും അമ്മയും റോഡിൽ കിടക്കുന്നു. തൊട്ടപ്പുറത്ത് എന്റെ കുപ്പായവും .ഞാൻ അമ്മയുടെയും അച്ഛന്റെയും അടുത്ത് ചെന്നു. തലയിൽനിന്നും വാർന്നൊലിക്കുന്ന രക്തം ഒഴുകിഒഴുകി കുപ്പായത്തിനരികിലേക്ക്. അതാ ആ കുപ്പായം രക്തത്തിൽ കുളിച്ചു മുങ്ങി. എന്റെ സങ്കടം വിങ്ങിപ്പൊട്ടി. എനിക്ക് എന്താണ് ചെയ്യേണ്ടത് എന്നറിയില്ല. പക്ഷെ എന്റെ കൈയിലുണ്ടായിരുന്ന ഞാൻ വരച്ച റോസാപ്പൂവിന് അമ്മയുടെയും അച്ഛന്റെയും രക്തം കൊണ്ട് അതിന് ഞാൻ നിറം നൽകി. എന്റെ അച്ഛന്റെയും അമ്മയുടെയും ഓർമ്മക്കായ് ഞാൻ അത് ഇപ്പോഴും സൂക്ഷിക്കുന്നു.

ഒരു ദരിദ്രരായിതീർന്ന കുടുംബമാണ് എന്റേത്. ഞാൻ എന്റെ അമ്മയ്ക്ക് വാക്ക് കൊടുത്തതുപോലെ ഒരു ഡോക്ടറാവുമെന്ന് ഉറച്ച തീരുമാനമെടുത്തു. ഒരു ചെറിയ കുടിലിൽ താമസിച്ചിരുന്ന കൊണ്ടിരുന്ന കുടുംബം ഇന്നവസാനിക്കുന്നു. കാരണം എന്നെ ഇവിടെ ആരും ഒറ്റയ്ക്ക് താമസിക്കാൻ സമ്മതിക്കില്ല. എന്റെ അച്ഛന്റെ പ്രിയ കൂട്ടുകാരനായിരുന്ന അനൂപ് ചേട്ടന്റെ വീട്ടിലേക്ക് പോവുകയാണ്. എനിക്കായി അവർ

റുമൊക്കെ തന്നു. അവർക്ക് രണ്ട് ഇരട്ടകുട്ടികളാണ് ഉള്ളത്. അമ്മുവും ശ്രീക്കുട്ടിയും. എന്നെ അവരിരുവരും പിടിച്ച് വലിച്ച് അവരുടെ കളിസാധനങ്ങളൊക്കെ കാണിച്ചു തന്നു. "ചേച്ചിയുടെ പേരെന്താ?" അമ്മു ചോദിച്ചു. ഞാൻ പറഞ്ഞു "കല്ല്യാണി".അവർക്കെന്നെ അറിയില്ലായിരുന്നു. പക്ഷേ ഞാൻ എന്റെ അച്ഛനിലൂടെ അവരെ അറിഞ്ഞു.

തീരാദു:ഖത്തിൽ ഇരിക്കുമ്പോഴൊക്കെ അവരെനിക്ക് ആശ്രയമായി. അവർക്ക് അമ്മയുണ്ടായിരുന്നു. വാത്സല്യ നിധിയായ അമ്മ. അമ്പിളി ചേച്ചി ഞാനാദ്യമായാണ് കാണുന്നത്. പല ഉപദേഷങ്ങളും എന്നോട് അവർ പങ്കുവച്ചിട്ടുണ്ട്. എന്തെന്നറിയില്ല. ഞാൻ അവരെ എന്റെ അമ്മയെ പോലെ കണ്ടു. എനിക്ക് പലപ്പോഴും തോന്നി അവരെന്റെ അമ്മയാണ് എന്ന്. കാരണം എന്റെ അമ്മയുടെ മുഖച്ഛായ ഞാൻ ഈ അമ്മയിൽ കാണുന്നു. എന്നെ അമ്മയെന്ന് വിളിച്ചോളാൻ അമ്മ പറഞ്ഞു. പാടവരമ്പത്ത് കൃഷി ചെയ്തുകൊണ്ട് വരുമാനമുണ്ടാക്കുന്ന് അനൂപ് ചേട്ടൻ മാത്രമാണ് ഏക സാമ്പത്തിക മാർഗ്ഗം.ചേട്ടൻ ഉണ്ടാക്കി വച്ച കടം തീർക്കാൻ വേണ്ടിയുള്ള ശ്രമത്തിലാണ് അനൂപ് ചേട്ടൻ. ബേങ്കിൽ നിന്നും പലപ്പോഴും കത്ത് വരാറുണ്ട്. ഞാൻ സമാധാനിപ്പിക്കും.ഞാൻ കത്ത് ചെന്ന് കൊണ്ടുകൊടുക്കുക പതിവാണ്.അതിനാൽ ഞാൻ അവിടെ നിന്നാലോചിക്കും ഞാൻ വലുതായി ഈ കുടുംബത്തിന് വരുമാനമാർഗം ഉണ്ടാക്കും അത് അനൂപ് ചേട്ടന് തന്നെ കൊടുക്കുമെന്നും ദൃഢ പ്രതിഞ്ജ എടുത്തു.

പാടവരമ്പത്ത് കളിക്കാൻ പോവുക കുട്ടികൾക്ക് പതിവായിരുന്നു. ചിലപ്പോൾ അവരുടെ കൂട്ടുകാരെയൊക്കെ കൂട്ടിയിട്ട് വീട്ടിലേക്ക് വരും .അവർ കളിക്കുന്നതൊക്കെ ഞാൻ ശ്രദ്ധിക്കുമായിരുന്നു.

ഞാൻ മറ്റൊരു കുടുംബാംഗമായി മാറിക്കൊണ്ടിരുന്നു. അച്ഛൻ മരിക്കുന്ന സമയത്ത് ഒരൊറ്റ മനുഷ്യൻ പോലും എന്നെ തിരിഞ്ഞുനോക്കിയില്ല.ചുറ്റിലും നാട്ടുകാരുണ്ടായിട്ടും എന്റെ അച്ഛന്റെ കൂട്ടുകാരൻ..........അധികം ആരും ബന്ധുക്കളുമില്ല.ബന്ധുക്കൾ ഉള്ളതാണെങ്കിൽ ദൂരെയുമാണ്. എനിക്കത്ര പരിചയവുമില്ല. ഞാൻ 10ാം ക്ലാസിൽ പഠിക്കുകയാണ്. 10 A+നേടാനുള്ള ശ്രമത്തിലാണ്. മെയ് മാസമായി റിസൾട്ട് ഇന്നാണ്.മനസ്സിലാകെ ഒരു വെപ്രാളമാണ്. സ്കൂളിൽ ചെന്നു. ഹൃദയ സങ്കോച-വികസമിരട്ടിക്കുന്നു. റിസൾട്ട് വന്നു. ഫുൾA+ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞിരിക്കുന്നു. എല്ലാവർക്കും ലഡു വിതരണമൊന്നും വേണ്ട.

വേണമെങ്കിൽ ഞങ്ങൾക്കു മാത്രം.കാരണം എന്നെകൊണ്ട് ചിലവുവർദ്ധിക്കുന്നത് ഇതിലൂടെയൊക്കെയാണ് ദിവസവും ഒരാളുടെ ഭക്ഷണം,മാറിയുടുക്കാനുള്ള വസ്ത്രം എന്നിവയൊക്കെ അധിക ചിലവാണ്. എന്നെ സംബന്ധിച്ചടുത്തോളം ലഡു വിതരമമൊക്കെ മാറ്റി വയ്ക്കുന്നതാണ് നല്ലതെന്ന് എനിക്ക് തോന്നി.

കടം ഇനിയും ബാക്കിയുണ്ട്. +1 ന് പഠിക്കുമ്പോൾ സ്കോളർഷിപ്പ് ഉറപ്പാണ്. പരീക്ഷ എഴുതിയാൽ ലഭിക്കുന്നതാണ്. ഞാൻ എഴുതിയിട്ടുണ്ട്. അത് പാസാകുമെന്ന് എനിക്ക് ഉറപ്പാണ്. ഏകദേസം 15000 രൂപ കിട്ടുമെന്നാണ് പറഞ്ഞത്.അതിലൂടെയൊക്കെ ഞാൻ കടം വീട്ടാം എന്ന് പറഞ്ഞു. മാസാമാസം കിട്ടുന്ന പൈസ അച്ഛന് കൊടുത്തു. നാലുവർഷമാണ് അതിനിടയിൽ തീർക്കാവുന്നതേയുള്ളു അത് അങ്ങനെ വീട്ടാം.....

നല്ല സ്കൂളൊക്കെയാണ് ലഭിച്ചത്. എനിക്ക് ഒരുപാട് കൂട്ടുകാരുണ്ട്. അങ്ങനെയിരിക്കെ ഞാൻ പഠിച്ച് ഡോക്ടറാവാനുള്ള തയ്യാറെടുപ്പിലാണ്.ഗവൺമെന്റ് കോളേജിൽ കിട്ടി. ഹോസ്റ്റലിനൊന്നും കാശ് കൊടുക്കേണ്ടി വന്നില്ല. അടുത്ത തന്നെയാണ് .നടക്കാനുള്ള ദൂരം മാത്രം. ആറ് വർഷത്തെ കോഴ്സ് കഴിഞ്ഞു. നല്ല ജോലിയാണ് അടുത്ത ലക്ഷ്യം. അതിന് ഞാൻ ഒരിടത്തും പോകേണ്ടി വന്നില്ല. അവസരം എന്നെ തേടി വന്നു.

എനിക്ക് കല്ല്യാണ പ്രായമായി. പെണ്ണുകാണാനൊക്കെ ആൾക്കാർ വരുന്നുണ്ട്. ഒരു ഡോക്ടറിന് വേണ്ട പയ്യൻ എവിടെയാണ് ഉണ്ടാവുക എന്ന തിരച്ചിലിലാണ് അച്ഛൻ. അന്ന് ഒരു ഡോക്ടർ തന്നെയാണ് വന്നത്. അവൻ എന്നെ ഇഷ്ടപ്പെട്ടു . അവനും ഞാൻ ജോലിചെയ്യുന്ന സ്ഥലത്തു തന്നെയാണ് . പക്ഷേ എനിക്കറിയുമായിരുന്നില്ല. എന്റെ ജീവിത കഥകൾ ഓരോന്നും പറയണമെന്ന് എനിക്ക് വാശിയാണ്. പക്ഷേ അതൊന്നും അവൻ അത്ര വലിയ കാര്യമല്ലായിരുന്നു. എനിക്ക് ഇഷ്ടമായി കല്ല്യാണം കഴിയണമെങ്കിൽ ഒരു മാസം കൂടി. പക്ഷേ അച്ഛന് വീണ്ടും കടം തീർക്കേണ്ട ഗതി വരുമോ എന്ന പേടിയുണ്ടായിരുന്നു. പക്ഷേ അതൊന്നും ഉണ്ടായിരുന്നില്ല. ഞാൻ ഉദ്ദേശിച്ചത് സ്ത്രീധനത്തെതന്നെയാണ്. എല്ലാം ഭദ്രമായി ആർഭാടങ്ങളൊന്നുമില്ലാതെ ഒരു കല്ല്യാണത്തിന് വേണ്ടി വീടിനു വേണ്ടിയുള്ള ഒരുക്കങ്ങളും എന്റെ ഡ്രസ്സും ഒക്കെ തയ്യാറായി. നാളെ വിവാഹം. സ്ത്രീധനം കൊടുക്കേണ്ടതാണ്. അച്ഛൻ പണവുമൊക്കെയായി വന്നു. ഗോപുവിന്റെ അച്ഛനും അമ്മയും അതിന് തയ്യാറായില്ല. ഒരു കല്ല്യാണമെന്നത് മഹത്തായചടങ്ങും ഒരു വധുവിന്റെയും വരന്റെയും ജീവിതത്തിന്റെ പടിവാതിലാണെന്നും പറഞ്ഞു. കുട്ടിയെ

മാത്രം ഞങ്ങൾക്ക് നൽകിയാൽ മതി. വേറെയൊന്നും പ്രതീക്ഷിച്ചല്ല ഈ കല്ല്യാണം. അച്ഛന്റെ കണ്ണിൽ നിന്നും ആനന്ദാശ്രു ഇറ്റീറ്റായി വീണു. എനിക്കും അമ്മയ്ക്കും സന്തോഷമായി. അമ്മ പ്രതീക്ഷിച്ചതുപോലെ നല്ലവരായിരുന്നു അവർ. കല്ല്യാണം ഗംഭീരമായി നടന്നു.

ഞാൻ ഗോപുവിനേയും കൂട്ടി എന്റെ അച്ഛന്റെയും അമ്മയുടെയും ഓർമ്മക്കായി വച്ച വീട്ടിലേയ്ക്ക് വന്നു. അവിടെ ഞാൻ വല്ലപ്പോഴും പോയി ഇരിക്കാറുണ്ടെന്നും എന്റെ റോസാപ്പൂമൊട്ടായ് അവർ എന്റെ മനസിലുണ്ടെന്നും അമ്മയുടെയും അച്ഛന്റെയും രക്തം കലർന്ന റോസാപ്പൂവും പുത്തനുടുപ്പും ഞാൻ കാണിച്ചു കൊടുക്കുകയും ചെയ്തു. 



അരുണിമ ടി

IX G

## കാത്തിരിപ്പ്

കാത്തിരിപ്പുകൾ പല വിധത്തിലുണ്ട് എന്ന തിരിച്ചറിവിന്റെ വെളിച്ചത്തിലായിരുന്നു അയാൾ അവിടെ നിന്നത്. ഓരോ നിമിഷം കഴിയുംതോറും അയാളുടെ ക്ഷമ നശിച്ചുകൊണ്ടിരുന്നു. തന്റെ മകളെ അവസാനമായെങ്കിലും ഒന്നു കാണാനായെങ്കിൽ ഇരുപത്തൊന്ന് വർഷങ്ങൾക്കു മുൻപ് ഇതുപോലെ ഒരു ദിവസം തന്റെ മകളെ ആദ്യമായി കണ്ട നിമിഷം അയാളോർത്തു. പ്രസവമുറിക്ക് മുൻപിൽ അക്ഷമനായി നിന്ന അയാളുടെ മുന്നിലേക്ക് അവൾ ഒരു കുരുന്നു മാലാഖയെ പോലെ വന്ന നിമിഷം ............



ആദ്യത്തെ കുഞ്ഞ് ആണായിരിക്കും എന്നു പറഞ്ഞ് തന്റെ സമീപമുണ്ടായിരുന്നവർ കുഞ്ഞ് പെണ്ണാണെന്ന് അറിഞ്ഞ് നീരസത്തോടെ നോക്കി. എങ്കിലും വളർന്നു കഴിയുമ്പോൾ അച്ഛന് തുണയും അമ്മയ്ക്ക് തണലുമായി അവൾ മാറുമെന്ന് അയാൾ ഉറച്ച് വിശ്വസിച്ചിരുന്നു. അയാളുടെ വിശ്വാസം ശരിയായിരുന്നു എന്ന് തോന്നിപ്പിക്കും വിധമുള്ളതായിരുന്നു അവളുടെ ഓരോ പ്രവൃത്തിയും.കുഞ്ഞുപ്രായത്തിൽ തന്നെ അവൾ ഒരു കട്ടിക്കണ്ണടധാരിയായിത്തീർന്നു. രാപ്പകലില്ലാതെ,ഉറക്കമിഴച്ച് പഠിക്കുവാൻ ചെറുപ്രായത്തിൽ തന്നെ അവൾ ശീലിച്ചിരുന്നു. എപ്പോൾ നോക്കിയാലും പുസ്തകത്തോട് മല്ലടിക്കുന്ന അവളെ മാത്രമേ കാണാൻ സാധിച്ചിരുന്നുള്ളൂ.

തനിക്കൊരു കുഞ്ഞനുജൻ പിറക്കാൻ പോകുന്നു എന്നറിഞ്ഞ അവൾ തന്റെ കുഞ്ഞരിപ്പല്ലുകൾ കാട്ടി ചിരിച്ച ആ രംഗം അപ്പോഴെന്ന പോലെ അയാളുടെ മനസ്സിലൂടെ കടന്നുപോയി. വളരുന്തോറും സ്വന്തം ഭാവിയെക്കുറിച്ച് മാത്രം ആകുലപ്പെടാതെ അനുജന്റെ ഭാവിയെക്കുറിച്ചും ഉത്കണ്ഠാകുലയാകുന്ന ചേച്ചിയായി അവൾ മാറി.

ഇതിനിടയിൽ പത്താംതരം മോശമില്ലാത്ത മാർക്കോടെ അവൾ പാസായി. തന്റെ ഭാവി പ്രകാശ പൂർണ്ണമാണമെന്നും അച്ഛനും അമ്മയ്ക്കും അനുജനും താങ്ങും തണലുമാവണമെന്ന ചിന്ത അവളെ ഒരു കഠിനാധ്വാനിയാക്കി. പുസ്തകവും മുന്നിൽ വെച്ച് കർമ്മനിരതയായിരുന്ന അവളെ അഭിമാനത്തോടെയും സ്വൽപം സങ്കടത്തോടെയും നോക്കാനേ ആ അച്ഛനമ്മയ്ക്കും സാധിച്ചിരുന്നുള്ളൂ.

പ്ലസ് ടുവിന് ശേഷം എഞ്ചിനിയറിംഗിന്റെ അവസാന സീറ്റുകളിൽ കയറിക്കൂടിയപ്പോൾ ഇനി അച്ഛനുമമ്മയും എന്റെ കാര്യമോർത്ത് വിഷമിക്കേണ്ട എന്നും അനുജന്റെ ഭാവിയെ പറ്റി ഉത്കണ്ഠാകുലരാകേണ്ട എന്നുമുള്ള അവളുടെ ആശ്വാസ വാക്കുകൾ തന്റെ ഹൃദയത്തെ പ്രകമ്പനം കൊള്ളിച്ചിരുന്നതായി ഓർത്തപ്പോൾ ആ അച്ഛന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

ഒരാഴ്ച്ച മുൻപ് ഓണത്തിന്റെ അവധിക്ക് അവൾ നാട്ടിൽ തിരികെയെത്തിപ്പോൾ അത്തവണത്തെ ഓണം നേരത്തെ വിരുന്നെത്തിയതായി തോന്നി.നമുക്ക് എവിടേക്കെങ്കിലും യാത്ര പോയാലോ എന്നുള്ള ഇളയവന്റെ ചോദ്യത്തിന് തീർച്ചയായും പോകാമെന്ന് അവൾ ഉത്സാഹത്തോടെ മറുപടി പറഞ്ഞു.അങ്ങനെ ഒരുപാട് നേരത്തെ ചർച്ചയ്ക്ക് ശേഷം യാത്ര മൂന്നാറിലേക്ക് തന്നെയാകാമെന്നും ഓണത്തിന്റെ പിറ്റേന്നാൾ യാത്ര പോകാമെന്നും തീർച്ചപ്പെടുത്തി.

അന്ന് ഒരു നല്ല ദിവസമായിരുന്നു:ചിങ്ങമാസത്തെ ഇളവെയിൽ അവരുടെ യാത്രയ്ക്ക് ഒരു കൂട്ടായി നിന്നിരുന്നു. മൂന്നാറിന്റെ പ്രകൃതിഭംഗി നുകർന്ന ശേഷം പെരിയാറിന്റെ ഭംഗി ആസ്വദിക്കാൻ അവർ ഒരു ബോട്ട് സവാരി ചെയ്യാൻ തീർച്ചപ്പെടുത്തി.ആ ബോട്ടിൽ കാലെടുത്തു വയ്ക്കുമ്പോൾ അറിഞ്ഞിരുന്നില്ല വരാനിരിക്കുന്ന ദുരന്തത്തെ പറ്റി.



ബോട്ട് ഏറെക്കുറെ ശാന്തമായിരുന്നു. അടുത്തടുത്ത് ഇരിക്കുന്നവർ തമ്മിലുള്ള കുശലം പറച്ചിൽ മാത്രം .പെട്ടെന്ന് തീരത്ത് പുല്ലുമേയുകയായിരുന്ന മാൻക്കൂട്ടത്തെ കാണാനെന്നോണം ബോട്ടിലുണ്ടായിരുന്നവർ ഒരു വശത്തോക്ക് ഓടിക്കൂടി .ബോട്ടിലുണ്ടായിരുന്ന നിർദേശകർ അടങ്ങിയിരിക്കാൻ ആവശ്യപ്പെന്നുണ്ടായിരുന്നെങ്കിലും ആരും തന്നെ അത് ചെവിക്കൊണ്ടില്ല. ബോട്ട് ആടിയുലഞ്ഞുകൊണ്ടിരുന്നു.ഒരു ഭൂമികുലുക്കത്തെ അത് ഓർമ്മിപ്പിച്ചു.ഒരു വശത്തേക്ക് മറിഞ്ഞുവീണ ബോട്ടിൽ നിന്ന് അലർച്ചകളും ആർത്തനാദങ്ങളും ഉയർന്നുകൊണ്ടേയിരുന്നു.

കരയിലെത്തിച്ച് ഏതാനും പേർ പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷമാണ് അയാൾക്ക് ഓർമ്മ വന്നത്. ഭാര്യ ജീവനോടെയിരിക്കുന്നു എന്ന അറിവ് അയാൾക്ക് തെല്ലൊരാശ്വാസം നൽകി. എങ്കിലും തന്റെ മക്കളെവിടെ? അവരും ജീവനോടെ

തിരികെ വരുമെന്ന വിശ്വാസത്തിന്റെ ബലത്തിൽ ഹൃദയത്തിലെ ഇടിമുഴക്കങ്ങളേയും ഭൂകമ്പങ്ങളേയും മറക്കാൻ ശ്രമിച്ചുകൊണ്ട് അയാളവിടെ നിന്നു.

ഒരു പന്ത്രണ്ടുകാരന്റെ ജഡം കിട്ടിയിട്ടുണ്ടെന്ന വിവരം അയാളുടെ പ്രത്യാശകളെ തകിടം മറിച്ചു.ഒടുവിൽ ചേച്ചിയെ പെരിയാറിന്റെ അനന്തതയിൽ ഉപേക്ഷിച്ചുകൊണ്ട് അവനും തിരികെ വന്നിരിക്കുന്നു. ഇനി അവൾ ഒറ്റയ്ക്കവിടെ എന്തെടുക്കാനാണ്? അവനു വരുമ്പോൾ അവളേയും കൂട്ടാമായിരുന്നില്ലേ? ഇനി എത്ര നേരം താൻ കാത്തിരിക്കണം? അയാളുടെ മനസ്സ് ചോദ്യചിഹ്നങ്ങളാൽ പൊറുതിമുട്ടി. ആ ചോദ്യങ്ങൾക്കൊക്കെ ഒരുത്തരമെന്നോണം അയാൾ ദൈവത്തോട് കേണു എന്നോടിത്തിരി അലിവ് കാണിച്ചുകൂടെ ? അവളുടെ ജഡമെങ്കിലും.......................? 



ശ്രീയ രാജീവ്
X B

## നമ്മയുടെ വിളക്ക്

അന്ന് രാത്രിയായിരുന്നു ഞാൻ വീട്ടിലേക്ക് മടങ്ങിയത് . ഞാൻ ഒരു എഞ്ചിനീയറാണ്. വളരെ നേരം വൈകിയിരുന്നു മടങ്ങുവാൻ. ഞാൻ വരുന്നത് ഒരു പോലീസ് സ്റ്റേഷന്റെ അടുത്തു നിന്നാണ്. പതിവായി ഞാൻ വീട്ടിലേക്ക് വരുമ്പോൾ കേൾക്കുന്നത് അടിയുടെയും ചോദ്യം ചെയ്യുന്നതിന്റെയും ശബ്ദമാണ് . എന്നാൽ ഞാൻ ഇന്ന് ഞാൻ കേട്ടത് വളരെ അസാധാരണമായ ശബ്ദമായിരുന്നു . ആ മനോഹരമായ ശബ്ദ സവിശേഷതകളെ കൂടുതൽ അറിയുന്നതിനായി ഞാൻ പോലീസ് സ്റ്റേഷന്റെ അകത്തേക്ക് കടന്നു . അതാ ഒരു അത്ഭുതകരമായ കാഴ്ച . ഒരു വയസായ



മുത്തശ്ശി അവിടെയുള്ള കള്ളന്മാർക്ക് കഥകൾ പറഞ്ഞുകൊടുക്കുകയും ഗുണനപ്പട്ടികകൾ പറഞ്ഞ് പഠിപ്പിക്കുകയും ചെയ്യുന്നു. അത് കണ്ട് ഞാൻ ആദ്യം അത്ഭുതത്തോടെയാണ് നോക്കിയത്. എന്നാൽ പിന്നീട് എനിക്ക് പൊട്ടിച്ചിരിയാണ് മനസ്സിൽ വന്നത് . മുപ്പത്തിയഞ്ച് വയസ്സിനു മുകളിൽ പ്രായമുള്ള ഈ കള്ളന്മാർ ആ മുത്തശ്ശി പറയുന്നതെല്ലാം ഒരു ചെറിയ കുഞ്ഞിനെ പോലെ വളരെ നിഷ്കളങ്കമായി കേൾക്കുകയാണ് . അമ്മ അവർക്ക് നൽകുന്ന സ്നേഹം വളരെ സന്തോഷത്തോടെ ഏറ്റുവാങ്ങുകയാണ് ചെയ്യുന്നത് . ഞാൻ അവിടെയുള്ള ഒരു പോലീസുകാരനോട് ചോദിച്ചു ഈ മുത്തശ്ശി ആരാ? എന്റെ ചോദ്യത്തിന് മറുപടി അദ്ദേഹം പറഞ്ഞു തുടങ്ങി.

കുറച്ച് മണിക്കൂറുകൾക്ക് മുമ്പ് ഒരു ബസ്സ് സ്റ്റാന്റിൽ നിന്നാണ് ഈ മുത്തശ്ശിയെ കിട്ടിയത്. ഞങ്ങൾ ഈ സ്റ്റേഷനിലേക്ക് കൊണ്ടുവന്നു. ആ മുത്തശ്ശിയുടെ മുഖത്ത് ദുഃഖം ഇല്ലായിരുന്നു. മറിച്ച് സന്തോഷമാണ് ഉണ്ടായത് . അതെന്തെന്ന് അറിയാൻ ഞാൻ ആ മുത്തശ്ശിയുടെ അടുത്തേക്ക് ചെന്നിരുന്നു. വളരെ സ്നേഹത്തോടെ അവർ എന്നെ മകനെ എന്നു വിളിച്ചു. ഞാൻ അവരോട് ചോദിച്ചു നിങ്ങൾ എവിടെയാണ് താമസിക്കുന്നത് എന്ന്. ആ മുത്തശ്ശി പറഞ്ഞു കുറെ ദൂരെയാണ് മകനെ . പിന്നീട് അവരുടെ വീട്ടുവിശേഷങ്ങളെക്കുറിച്ച് ചോദിക്കാമെന്ന് ഞാൻ കരുതി . ആ മുത്തശ്ശി

പറഞ്ഞു തുടങ്ങി.

എനിക്ക് നാല് മക്കളുണ്ട് . മൂത്തവൻ ഒരു കച്ചവടക്കാരൻ ആണ് . രണ്ടാമത്തവൻ ഒരു വക്കീലാണ് മൂന്നാമത്തവൻ ഒരു ഡോക്ടറാണ് നാലാമത്തത് ഒരു മകളാണ് അവൾ ഒരു നേഴ്സമാണ് . എനിക്ക് വിദ്യാഭ്യാസം വളരെ കുറവായിരുന്നിട്ടും എന്റെ മക്കളെ ഞാൻ വലിയ വിധത്തിൽ പഠിപ്പിച്ചു . ഇനി എനിക്ക് എന്റെ മക്കളോടൊപ്പം വളരെ സന്തോഷത്തോടെ കഴിയണമെന്നായിരുന്നു എന്റെ ആകെയുള്ള ആഗ്രഹം . എന്റെ ഈ ആഗ്രഹത്തെ വളരെ സന്തോഷത്തോടെയാണ് എന്റെ മക്കൾ ഏറ്റുവാങ്ങിയത് . ഞാനും വളരെ സന്തോഷത്തിലായിരുന്നു . എന്നാൽ ദിവസങ്ങൾ പോകുംതോറും എന്റെ മക്കൾക്ക് ഞാൻ അവരുടെ കൂടെ താമസിക്കുന്നതിൽ ഇഷ്ടമില്ലാതാകുവാൻ തുടങ്ങി . അവരുടെ ഈ തിരക്കു പിടിച്ച ജീവിതത്തിൽ അവർക്ക് ഞാൻ ഒരു ആവശ്യമില്ലാത്ത വസ്തുവായിമാറി . നാലു മക്കളും എന്നെ വ്യത്യസ്ത ദിവസത്തെക്കായി വിഭജിച്ചു. ഓരോരുത്തരുടെയും കൂടെ പല ദിവസങ്ങളിൽ . എനിക്ക് മതിയായി . ഒരു ദിവസം ഞാൻ എന്റെ മക്കളോട് ചോദിച്ചു ഞാൻ ഇല്ലായിരുന്നെങ്കിൽ നിങ്ങൾ ഇത്ര കഷ്ടപെടേണ്ടിവരുമായിരുന്നില്ല അല്ലേ. മനസ്സില്ലാമനസ്സോടെ അവർ പറഞ്ഞു ഇല്ല അമ്മേ വിഷമമൊന്നുമില്ല . അമ്മയെ അമ്മയെപ്പോലെയുള്ള ചില ആളുകളുടെ കൂടെയാക്കാം.

എന്റെ കൊച്ചുമകൻ എന്നോട് പറഞ്ഞു അത് "മുത്തശ്ശിമാരെയൊക്കെ ഉപേക്ഷിക്കുന്ന സ്ഥലമാ അവിടെ ഞങ്ങൾ ആരും ഉണ്ടാകില്ല . മുത്തശ്ശി അവിടേക്ക് പോകരുത് ". ഞാൻ ആ വാക്കുകൾ കേട്ടതിനുശേഷം വളരെ വിഷമത്തിലായിരുന്നു. എന്റെ കൊച്ചുമക്കളുടെ വാശിയുടെ മേൽ അവർ എന്നെ ഒഴിവാക്കിയില്ല. പക്ഷേ എന്റെ മക്കളുടെ ദുഃഖം എനിക്കറിയാം . ഞാൻ വീടുവിട്ടിറങ്ങി . ആ മുത്തശ്ശിയുടെ കഥ അവിടെയുള്ള എല്ലാവരും വളരെ നിശബ്ദതയോടെയാണ് കേട്ടിരുന്നത് . അവിടെയുള്ള ഒരു കള്ളൻ പൊട്ടിക്കരഞ്ഞിരുന്നു ഇത് കേട്ടിട്ട് . കാരണം അവന് അമ്മയില്ലായിരുന്നു. അവന് അമ്മയുടെ വിലയെന്താമണന്ന് അറിയാമായിരുന്നു. ഞാൻ അവിടുത്തെ പോലീസുകാരന്റെ അടുത്ത സുഹൃത്തായതുകൊണ്ട് അവിടെ ഇത്രയും സമയം നിൽക്കുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ലായിരുന്നു.

ഞാൻ ആ മുത്തശ്ശിയോട് ചോദിച്ചു എന്റെ കൂടെ വരുന്നോ എന്ന്. ആ മുത്തശ്ശി പറഞ്ഞു ഇല്ല മകനെ ഞാൻ ആർക്കും ഒരു ബുദ്ധിമുട്ടായി മാറുകയില്ല. ഞാൻ ഒരു ചെറുചിരിയോടെ ചോദിച്ചു . എനിക്ക് മുത്തശ്ശിയില്ല . ഞാനും എന്റെ അമ്മയും അച്ഛനും എന്റെ അനുജനുമാണ് വീട്ടിലുള്ളത് ഒരു മുത്തശ്ശിയെ വേണം കഥകൾ പറഞ്ഞു

തരാനായി വരുമോ എന്റെ കൂടെ . ചെറിയ ഭയത്തോടെ എന്നോട് ചോദിച്ച എന്നെ എവിടെയെങ്കിലും ഉപേക്ഷിക്കുമോ . ഞാൻ ഉറപ്പുകൊടുത്തു എന്റെ വീട്ടിലെ വിളക്കാണ് മുത്തശ്ശി . ഞാൻ ആ മുത്തശ്ശിലെ എന്റെ കൂടെ എന്റെ വീട്ടിലേക്ക് കൊണ്ടുപോയി.

എന്റെ കുടുംബാഗംങ്ങൾ ഈ അമ്മയുടെ കഥകേട്ടപ്പോൾ വളരെ സന്തോഷത്തോടെയാണ് ആ മുത്തശ്ശിയെ സ്വീകരിച്ചത് . എന്റെ അമ്മയ്ക്കാണ് മുത്തശ്ശിയെ കിട്ടിയതിൽ വളരെ സന്തോഷം . കാരണം എന്റെ അമ്മയുടെ അമ്മ മരിച്ചുപോയിരുന്നു. ചില നന്മകളാണ് നമ്മളെ നമ്മളാക്കി മാറ്റുന്നത്.

അന്ന് ഒരു നല്ല ദിവസമായിരുന്നു. നന്മയുടെ വിളക്ക് എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു . സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായിരുന്നു ആ മുത്തശ്ശി എന്ന മനോഹരമായ വിളക്ക് . ആ വിളക്ക് എപ്പോഴും നല്ല വെളിച്ചത്തോടെ പ്രകാശിക്കട്ടെ. 



സൗപർണിക പുത്തലത്ത്
X- H

## टोकरे की गवाही

मुरुगन एक गरीब किसान था। बह बडा मेहनती और सीधा-सादा था।उसके पास एक बडा टोकरा था।बह रोज उस टोकरे -भर चावल बाजार ले जाकर बेचता था।जो लाभ मिलता था उससे अपना गुजारा करता था।विरप्पन भी उसी गाँव का आदमी था।वह हट्टा कट्टा था। वह साग-भाजी का व्यापार करता था। गाँववाले उससे डरते थे । एक दिन मुरुगन का टोकरा गायब हो गया। वह बोरे में चावल ले जाकर बेचने लगा। कई महीने बीते। टोकरे का पता न चला। एक दिन मुरुगन ने देखा, विरप्पन उसी टोकरे में



साग-भाजी भरकर ले जा रहा है।मुरुगन नेउससे पूछा "मेरे टोकरे तुमको कैसे मिला? " बिरप्पन ने कहा "यह मेरा अपना है।यह कई महीनो से मेरे पास है।यह तुम्हारा कैसे हो गया रे?" मुरुगन ने गाँववालों से कहा- " वीरप्पन ने मेरा टोकर चुरा लिया है"।पर उनमें से किसी में इसके बारे में कुछ करने कि हिम्मत न थी। क्योंकि वे सब विरप्पन को डरते थे। वे सब चुप-चाप रह गये। फिर भला मुरुगन को गाँव में कैसे न्याय मिल सकता था ?। यदि पंचायत कराता तो भी न्याय मिलने की आशा नही थी। आखिर मुरुगन न राजा के पास जाकर सारी बातें कही और न्याय करने की प्रारथना की।राजा ने सब शांति से सुनी। दरबार में टोकरे के साथ वीरप्पन को हाजिर करने का हुकुम दिया। हुकुंम के मुताबिक विरप्पन टोकरे के साथ राजा के सम्मुख हाजिर हुआ।राजा ने भेरे दरबीर में विरप्पन से पूछा- "यह टोकरा किसका है ? सच बोलो।" विरप्पन हाथ जोडकर नम्ता से बोला- "कई महीनों से मैं इसमें तरकारी बेच रहा हूँ "। राजा ने मुरुगन से पूछा- " तुम्हारा पक्ष में कोई गवाही है ?" मुरुगन चुप रहा।विरप्पन के खिलाफ गवाही देने की किसी की हिम्मत नहीं थी। इसलिऎ कोई गवाह देने नहीं आया।इसपर राजा ने एक चतुराई की। उन्होने टोकरे की तरफ मुडकर कहा- " ऎ टोकरे! अब तुम ऎक मात्र गबाह हो। बोलो तुम मुरुगन के हो या विरप्पन के ?"। भला टोकरा कैसे बोल सकता है। बह चुप-चाप वही पडा रहा। राजा ने शिपाही को बुलवाया।उससे कहा- " टोकरे को लाठी से पीटो। तभी वह बोलेगा "।सिपाही ने लाठी से टोकरे को पीटा।लाठी खाकर टोकरा थोडी दूर जाकर गिरा। टोकरे जहाँ था, वहाँ चावल के छोटे-छोटे कण गिर पडे थे। राजा ने कहा "देखो टोकरे ने गवाही दी है।इसमें चावल

बेचा जा रहा था "। राजा के न्याय करने की रीति पर सभी लीग आश्चरय चकिन हुऐं।

सीख : झूठ बोलकर हम झूठ चुप सकते है। लेकिन एक न एक दिन सच बाहर अयागा।



गोपिक प्रदीप
IX I

## തവളയുടെ വള

ഒരിക്കൽ ഒരു കാട്ടിൽ ഉത്സവം. എന്താണെന്നറിയോ ? കാട്ടിലെ രാജാവായ ശംഭു സിംഹത്തിന്റെ ഇരുപത്തിഎട്ടാം പിറന്നാളാണ് എല്ലാവരും ശംഭുവിന് സമ്മാനവുമായി എത്തി എന്നാൽ താമരക്കുമ്പിളിൽ താമസിക്കുന്ന പോക്കൻ തവളക്ക് മാത്രം എന്ത് കൊടുക്കണമെന്ന് നിശ്ചയമില്ലായിരുന്നു. അവൻ തിരക്കി അവൻ വളരെ ബുദ്ധിമാനായിരുന്നു. സമ്മാനം കൊടുത്തില്ലെങ്കിൽ രാജാവ് കൊല്ലും. അങ്ങനെ ഇരിക്കുമ്പോഴാണ് തന്റെ ശത്രുവായ



നീർക്കോലിച്ചേട്ടനെ കാണുന്നത്. അവൻ കണ്ടാൽ പോക്കന്റെ കഥ കഴിഞ്ഞു. ഈ തക്കം വിടാൻ പറ്റുകയില്ല എന്ന് പോക്കന് മനസ്സിലായി. പോക്കൻ വേഗം രാജാവിന്റെ പിറന്നാൾ വിരുന്നിന് പോയി. സമ്മാനം കൊടുക്കാൻ അവന്റെ ഊഴം എത്തിയപ്പോൾ അവന്റെ ബുദ്ധി പ്രയോഗിച്ചു. അവൻ വേഗം തന്നെ രാജാവിന്റെ അടുത്തു പോയി ഇങ്ങനെ പറഞ്ഞു, " രാജാവേ ഞാൻ അങ്ങേക്ക് തരാൻ ഒരു മാന്ത്രിക വള വാങ്ങി വച്ചിരുന്നു. അത് ഒരാൾ അണിഞ്ഞാൽ അയാൾ മറ്റൊരാളെ കൊല്ലും". 'ആഹാ വേഗം തന്നെ എനിക്കതു തരുവിൻ അയൽ രാജ്യത്തെ രാജാവിനെ കൊന്ന് ആ രാജ്യം പിടിച്ചെടുക്കണം'. അപ്പോൾ തവള മറ്റൊരു വിദ്യ പ്രയേഗിച്ചു 'രാജൻ ആ വള ഇപ്പോൾ നീർക്കോലിയുടെ കയ്യിലാണ് .അവൻ അതു തിന്നു'. 'ഇനിയെന്താണ് അത് കിട്ടാനുള്ള വഴി' . രാജാവ് ചോദിച്ചു. അപ്പോൾ പോക്കൻ ഇങ്ങനെ പറഞ്ഞു 'അതിനു കുറച്ചു പ്രയാസമാണ്. കൊല്ലേണ്ടി വരും എന്നാലും ബുദ്ധിമുട്ടാ. ചിലപ്പോൾ അത് തിരിച്ചു കിട്ടില്ലാ'. 'ആരവിടെ വേഗം നീർക്കോലിയെ പിടിച്ചു കൊല്ലു'. രാജിന്റെ കല്പന പ്രകാരം നീർക്കോലിയെ കൊന്നു. എന്നാൽ ഇല്ലാത്ത വള എവിടുന്നുണ്ടാവാൻ. തവള രാജാവിനോട് ഒരു നുണ കൂടി പറഞ്ഞു. മാന്ത്രിക വള തനിക്ക് നീർക്കോലിയുടെ കയ്യിൽ നിന്നു തന്നെയാണ് കിട്ടിയത് എന്ന്. അതിനു ശേഷം

അവൻ കാട്ടിലും കുളത്തിലും സ്വസ്ഥതയോടെ ജീവിച്ചു.



ഫാത്തിമ ഫിദ എം പി
IX F

# ലേഖനങ്ങൾ

When I am attached by gloomy thought,
nothing helps me so much as running to my books

- Michel de Montaigne.

## നേരിടാം ഈ മഹാപ്രളയത്തെ

അതിഭീകരമയിരുന്നു കേരളം ഈ വർഷം നേരിട്ട പ്രളയം. കുറേ സ്ഥലങ്ങളിൽ നിരവധി വീടുകൾ നഷ്ടപ്പെട്ടിരുന്നു. നിരവധി പേർ ആ പ്രളയത്തിൽ മരണമടഞ്ഞു.അവരുടെ വീടുകൾ നഷ്ടപ്പെട്ടപ്പോൾ അവർ എല്ലാവരും ദുരിതാശ്വാസ ക്യാമ്പിലായിരുന്നു. വസ്ത്രം, ഭക്ഷണം,മരുന്നുകൾ എന്നിവ പല സ്ഥലങ്ങളിൽ നിന്നുമായി ദുരിതാശ്വാസക്യാമ്പിൽ എത്തിചേർന്നു. കുറേ പേർ ധനസഹായം നൽകി. മരണമടഞ്ഞ അനേകം പേർ, സർവ്വതും നഷ്ടപ്പെട്ട അനേകം പേർ, പരിക്കു പറ്റിയ അനേകം പേർ എന്നിവയെല്ലാം ഈ പ്രളയത്തിന്റെ നേർ കാഴ്ചയാണ്.
കുട്ടികൾക്ക്



പഠനസാമഗ്രികൾ യൂണിഫോം, പഠനസൗകര്യം വരെ നഷ്ടപ്പെട്ടു. മഴവെള്ളം ഡാമുകളെ നിറച്ചു, ഷട്ടറുകൾ തുറന്നു, ഉരുൾ പൊട്ടലുണ്ടായി. കുറേ മരങ്ങളും വീടുകളും ഒലിച്ചുപോയി, മനുഷ്യരും മൃഗങ്ങളും മണ്ണിനടിയിൽപ്പെട്ട് മരണമടഞ്ഞു. 1924 ൽ ഉണ്ടായ മഹാപ്രളയത്തെക്കാൾ രൂക്ഷമായിരുന്നു ഈ വർഷത്തെ പ്രളയം. നിരവധി സംഘടനയും, പോലീസുകാരും, പട്ടാളക്കാരും സ്വന്തം ജീവൻ പോലും നോക്കാതെ രാപകൽ എന്നില്ലാതെ അഹോരാത്രം പ്രയത്നിച്ച് ജനതയുടെ ജീവൻ രക്ഷിച്ചു. അതിൽ മത്സ്യതൊഴിലാളികളുടെ പ്രവർത്തനങ്ങളെ പ്രത്യേകം പ്രശംസിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ പ്രളയം ബാധിച്ച കുട്ടനാട്ടിലും മറ്റു സ്ഥലങ്ങളിലും കൃഷികൾ നശിച്ചു. കേന്ദ്ര

ഗവൺമെന്റിൽ നിന്നു വിദേശരാജ്യങ്ങളിൽ നിന്നു സഹായങ്ങൾ ലഭിച്ചു. റോഡുകൾ പൊട്ടി, ഗതാഗത യോഗ്യമെല്ലാതായി. ശബരിമലയിൽ ഇരുവരെ ഇല്ലാത്ത മഹാപ്രളയമായിരുന്നു. അത് പമ്പാനദിയെ ഗതി മാറ്റി ഒഴുക്കി, നദിക്കരയിലെ ത്രിവേണി പാലം ഒലിച്ചു പോയി.

ഇതൊന്നു മലയാളിയെ തളർത്തിയില്ല. നമ്മൾ ഒറ്റക്കെട്ടായി മഹാപ്രളയത്തെ നേരിട്ടു. ജാതി-മത ഭേദമില്ലാതെ നാം കഠിനാധ്വാനത്തിലൂടെ പ്രളയത്തെ നേരിട്ടു."ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം" എന്ന പ്രയോഗത്തിന് ഏറ്റവും നല്ല ഉദാഹരണമാണിത്. 



റിയ പി

IX H


## വെളിച്ചത്തിന് എന്തൊരു വെളിച്ചം

മലയാളസാഹിത്യത്തിലെ അപൂർവ്വ പ്രതിഭാസമാണ് വൈക്കം മുഹമ്മദ് ബഷീർ ബേപ്പൂർ സുൽത്താൻ എന്ന് വിഷേഷിക്കപ്പെടുന്ന അദ്ദേഹം മറ്റൊരാൾക്കും അനുകരിക്കാൻ കഴിയാത്ത നർമ്മരസം തുളുമ്പിനിൽക്കുന്ന അതിചടുലമായ ശൈലിയുടെ ഉടമയാണ്. നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമര പോരാളിയുമായ ബഷീറിന്റെ ശ്രദ്ധേയമായ കൃതിയാണ് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്! '

1951 ൽ പ്രസിദ്ധീകരിച്ച ഈ നോവൽ മുസ്ലീം സമുദായത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാങ്ങൾക്കെതിരെയുള്ള ഒരു കടന്നാക്രമണമായി മാറുകയുണ്ടായി. ഈ നോവലിലെ നായിക കുഞ്ഞു പാത്തുമ്മ മനോഗുണം മുറ്റിയ ഒരു നാടൻ പെണ്ണാണ്. നിഷ്കളങ്കയും നിരക്ഷരയുമായ അവളുടെ സമ്പന്നമായ കുട്ടികാലത്തിന്റെ പൊലിമ കാണിച്ചുകൊണ്ടാണ് നോവൽ തുടങ്ങുന്നത്. അവൾക്ക് ഏഴെട്ട് വയസ്സുള്ളപ്പോഴാണ്  ലോക പ്രശസ്തമായ രഹസ്യം ഉമ്മ അവളോട് പറഞ്ഞത്. "ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് ! ഒരു ബല്യ കൊമ്പനാന". പഴയ പ്രതാപവും ഐശ്വര്യവും ആ പെൺകുട്ടിയുടെ മനസ്സിൽ വേരുറക്കുകയായിരുന്നു. പണക്കാരനായ ബാപ്പ വട്ടനടിമയും ഉമ്മ കുഞ്ഞുതാച്ചുമ്മയും ധൂർത്തടിച്ചും പൊങ്ങച്ചത്തിലും യഥാസ്ഥിതികതയിലും   മദിച്ച് പുളയ്ക്കുന്നതെങ്ങനെയെന്ന് നർമ്മ മധുരമായി അവതരിപ്പിച്ചുകൊണ്ടാണ് നോവൽ മുന്നേറുന്നത്. കുടുംബവഴക്കിലും കേസിലുംപെട്ട് ആ കുടുംബം ദരിദ്രം ആകുന്നതോടെ ജീവിതഗതി മാറുകയായി. കുടിക്കാനും തിന്നാനും വരെ ഞെരുക്കം. മാറിയ പരിത:സ്ഥിതിയിലും പഴയ പ്രതാപത്തിൽ നിന്ന് മാറാതെ നിൽക്കുകയാണ് ഉമ്മ. ദാരിദ്ര്യത്തിലും പ്രതാപത്തിന്റെ ചിഹ്നമായ മെതിയടികളെ ഉപേക്ഷിക്കാൻ ഉമ്മയ്ക്ക് കഴിഞ്ഞില്ല.

ഒരിക്കൽ കുഞ്ഞുപാത്തുമ്മ നിസാർ അഹമ്മദ് എന്ന ആൺ പിറന്നവനെ കണ്ടുമുട്ടാൻ ഇടയായി. ഏറെ താമസിയാതെ അയാളുടെ കുടുംബം അയൽവക്കത്ത് പാർക്കാനെത്തി. വിദ്യാസമ്പനനും പുരോഗമനചിന്താഗതിക്കാരനും പട്ടണത്തിൽ വളർന്നവനുമാണ് നിസാർ അഹമ്മദ് . അയാൾ കൃഷിക്കാരനും കവിയുമാണ്. കുഞ്ഞുപാത്തുമയ്ക്ക് അയാളോട് പ്രണയം തോന്നുന്നു. വർത്തമാനകാലത്തോടുമാത്രം പ്രതികരിക്കുന്ന നിസാർ അഹമ്മദിന് ബഷീറിന്റെ മുഖഛായ ഉണ്ട് എന്ന പറയാം. മുറ്റത്തുള്ള മരച്ചുവട്ടിൽ ചാരുകസേരയിൽ ഇരുന്നു വായിക്കുന്ന  പ്രപഞ്ചസ്നേഹിയായ നിസാർ അഹമ്മദ് ബഷീർതന്നെയാണ്. നിസാർ അഹമ്മദിന്റെ സഹോദരി ആയിഷ

കുഞ്ഞുപാത്തുമ്മയെ എഴുത്തും വായനയും പഠിപ്പിക്കുന്നു. പുതിയശീലങ്ങൾ പരിശീലിപ്പിക്കുന്ന നിസാർ അഹമ്മദിലൂടെ കുഞ്ഞുപാത്തുമ്മയും ഭാഷ മാത്രമല്ല ജീവിതംകൂടി ശ്രദ്ധേയമാവുന്നു. അവരുടെ കുടുംബാഗങ്ങൾ തമ്മിലുള്ള സൗഹൃദം കുഞ്ഞുപാത്തുമ്മയുടേയും നിസാർഅഹമ്മദിന്റെയും വിവാഹത്തിൽ കലാശിക്കുന്നു. ആധുനികതയ്ക്ക് വേണ്ടിയുള്ള ബഷീറിന്റെ ആഹ്വാനമായി ഈ നോവലിനെ കാണാം .പ്രണയോപഹാരമായി കാമുകൻ കാമുകിയ്ക്ക് വൃത്തിയുള്ള ഒരു കക്കൂസ് ഉണ്ടാക്കി കൊടുക്കുന്നത് അതിന്റെ സൂചകമാവുന്നു. ബഷീറിന്റെ കഥാപാത്രങ്ങൾക്കിടയിൽ



കണ്ടുകിട്ടുന്ന ഒരേയൊരു മാതൃകാ പുരുഷനായ നിസാർ അഹമ്മദ് ഈ പരിഷ്കരണ ബോധത്തിന്റെ പ്രതി പുരുഷനാവുന്നു.

യാഥാസ്ഥിതികതയുടെ പ്രതിരൂപമായ കുഞ്ഞിതാച്ചുമ്മയുടെ പൂർണ്ണപരാജയം അടയാളപ്പെടുത്തികൊണ്ടാണ് നോവൽ അവസാനിക്കുന്നത്.ആനയുണ്ടായിരുന്ന തറവാട്ടിലെ കാരണവത്തിയായതിനാൽ പട്ടിണിയാണെങ്കിലും മെതിയടിയിട്ട് തത്തിത്തത്തി  നടക്കുന്ന ഉമ്മയെ പുതിയ തലമുറയിലെ കുട്ടികൾ അത് കുയ്യാന(കുഴിയാന) ആയിരുന്നു എന്ന് പറഞ്ഞു പരിഹസിക്കുന്നത് നോവലിൽ കാണാം.പഴയ പ്രതാപം പൊക്കി പിടിച്ചു നടന്ന് സ്വയം നശിക്കുന്ന യാഥാസ്ഥിതിക മുസ്ലീംകളുടെ ചിത്രമാണ് ഈ നോവലിലൂടെ ബഷീർ വരച്ചു കാണിക്കുന്നത്. തങ്ങളുടെ കുറവുകൾ മറയ്ക്കാൻ വേണ്ടിആളുകൾ തങ്ങളുടെ പോയകാല പ്രതാപത്തെക്കുറിച്ച് ഊറ്റം കൊള്ളുന്നതിന് കളിയാക്കാനാണ് ബഷീർ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്ന പേരിലൂടെ ശ്രമിക്കുന്നത്.

മുസ്ലീം പൈതൃകത്തിന്റെ പൂർവ്വ ബാവങ്ങൾ ഈ നോവലിനെ സമ്പന്നമാക്കുന്നു. ഷജറത്തുൽ മുൻതഹാ,ഇബ്ലീസ് എന്ന പഹയൻ,അലിയാരുതങ്ങളുടെ കുതിര, ദുൽഫുക്കർ എന്ന വാൾ തുടങ്ങിയ പൂർവ്വ സ്മൃതികളാണ് കുഞ്ഞുപാത്തുമ്മയുടെ ലോകം .സ്വർഗ്ഗ നരഗങ്ങളും നന്മ തിന്മകളും അവൾ കാണുന്നത് ഈ പാരമ്പര്യത്തെ ആസ്പദമാക്കിയാണ് വർത്തമാന കാല ജീവിതം അവൾക്ക് അപരിചിതമാണ്. വർത്തമാന കാലത്തോട് മാത്രം പ്രതികരിക്കുന്ന കഥാപാത്രമാണ് നിസാർ അഹമ്മദ്. ആധുനിക വിദ്യഭ്യാസവും പുതിയ ജീവിത രീതികളും മറപ്പുര ഉണ്ടാക്കലും ശുചീകരണവുമാണ് അയാളുടെ കർമ്മ പരിപാടികൾ .ഈ ഭിന്നസംസ്കാരത്തിന്റെ

സമന്വയം വിവാഹത്തിലൂടെ സാധ്യമാക്കുന്നു.ഒരു പുതുകഥാ സങ്കേതമാണിവിടെ ബഷീർ സൃഷ്ടിക്കുന്നത്. ബഷീറിന്റെ സാഹിത്യ സങ്കൽപ്പങ്ങളും ഈ നോവലിൽ വെളിവാകുന്നുണ്ട്. നൂറ്റാണ്ടുകളായി തന്റെ സമുദായത്തിൽ അടിഞ്ഞുകൂടികിടക്കുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും വളരെ നിശ്ചിതമായ ഭാഷയിൽ ബഷീർ ഈ കൃതിയിലൂടെ പരിഹസിക്കുന്നു. നിരക്ഷരത അന്ധവിശാസങ്ങൾക്ക വളക്കൂറുള്ള മണ്ണാണെന്ന് പഠിപ്പിക്കുകയും വിദ്യഭ്യാസത്തിന്റെ ആവശ്യകതെയെക്കുറിച്ച് വായക്കാരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട് ഈ നോവൽ.

ബഷീറിന്റെ കൃതികളിൽ കലാപരമായും ഘടനാപരമായും ഏറെ മുന്നിൽ നിൽക്കുന്ന നോവലാണ് 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് .അതിന്റെ കലാമേന്മ പലപ്പോഴും പഥങ്ങളിലൂടെയും പ്രയോഗങ്ങളിലൂടെയും ആവർത്തനങ്ങളിലൂടെയും ധ്വന്യാത്മകതകളിലൂടെയും കൈവരുന്നതാണ്. നിരർത്ഥക പഥങ്ങളുടെ അർത്ഥ വ്യാപ്തിയും ഈ കൃതിയിൽ കാണാം .പ്രത്യേകിച്ച് അർത്ഥമില്ലാത്ത വാക്കുകൾപോലും ബഷീറിന്റെ കൈയിലൂടെ കടന്നുവന്നപ്പോൾ വലിയ അർത്ഥങ്ങളുണ്ടായി. ആയിശയുടെ പാട്ടിലെ അർത്ഥശൂന്യമായ വാക്കുകൾക്ക് താളലയമുണ്ട്. ഈപാട്ട് വായനക്കാരനെ ആഹ്ലാദിപ്പിക്കുന്നു. ഈ സവിശേഷതകളൊക്കെ 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവലിലെ വായനക്കാർക്ക് പ്രിയപ്പെട്ടതാക്കുന്നു.



പ്രിയ കെ

## ലഹരിയും മനുഷ്യനും

ഇന്ന് സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു വിപത്താണ് ലഹരി മരുന്നുകളുടെ ഉപയോഗം. അനേകായിരങ്ങൾ ഇന്ന് അടിമപ്പെട്ടവരാണ്. വൻകിട കമ്പനികൾ മനുഷ്യരെ അവരുടെ ഉത്പന്നത്തിന് അടിമയാക്കുകയാണ്. മദ്യപാനം,പുകവലി എന്നിവയാണ് പ്രധാനമായും ഉപയോഗിക്കപ്പെടാറുള്ള ലഹരിപദാർത്ഥങ്ങൾ. ജീവിതത്തിൽ പകുതിയോളവും ലഹരിമരുന്നുകളുടെ പിടിയിൽ അകപ്പെടുകയാണ് ഇന്നത്തെ സമൂഹത്തിൽ.



മുറുക്കി തുപ്പുക എന്നത് മുത്തുമുത്തശ്ശിമാരിൽ നിന്നു തുടങ്ങുന്ന ഒരു ലഹരി ഉപയോഗമാണ്.വായയിൽ കാൻസർ എന്ന രോഗത്തെ ഉത്പാദിപ്പിക്കാൻ മുറുക്ക് പോലുള്ള ലഹരിപദാർത്ഥങ്ങൾക്ക് സാധിക്കും. എന്നാൽ ഇന്നത്തെ കാലത്ത് അതിൽ നിന്നൊക്കെ പുരോഗതി വന്നിരിക്കുകയാണ്.അന്നത്തെ ആ മുറുക്ക് ഇന്ന് പാക്കറ്റുകളിൽ വിവിധതരത്തിൽ കച്ചവട സ്ഥലങ്ങളിൽ എത്തിചേരുന്നു. അന്ന് അവ വേട്ടയാടിയത് മുതിർന്നവരെയാണെങ്കിലും ഇന്ന് അവയുടെ ഇര വിദ്യാർത്ഥികളാണെന്ന് മനസിലാക്കണം. വൻകിട സ്ഥാപനത്തിലെ മുതലാളിമാർക്ക് അവരുടെ ഉത്പന്നം വിൽക്കുകയെന്ന ഉത്തരവാദിത്വമാണുള്ളത്. എന്നാൽ അതിന്റെ ദൂഷ്യഫലം അവർ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. അതുപോലെ അതിന് ദൂഷ്യഫലം ഉണ്ടെന്ന് മനസ്സിലാക്കാൻ നമ്മളാരും ശ്രമിക്കുന്നില്ല.




ലഹരിയുടെ ഉപയോഗം മനുഷ്യനെ കാർന്നു തിന്നുകയാണ്.മനുഷ്യൻ തന്നെയാണ് ലഹരി പദാർത്ഥം വിൽക്കുന്നതും വാങ്ങുന്നതും എന്ന് അവൻ തന്നെ അറിയാതെ പോകുകയാണ്.സമൂഹത്തിന് വഴിവിളക്കാവേണ്ടവർ തന്നെ ലഹരിയുടെ പിടിയിലായിരിക്കുകയാണ്.ഓരോരുത്തരും സ്വയം നശിക്കുകയാണ്. ലഹരിയുടെ

ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചു വരുകയാണ്. ചിലർ മനസ്സിന് സുഖം ലഭിക്കുന്നതിനുവേണ്ടി ശരീരത്തിൽ മയക്കുമരുന്ന് കുത്തിവെയ്ക്കുന്നു. വളർന്നു വരുന്ന തലമുറ മുതിർന്നവരെ അനുകരിച്ച് ലഹരിയുടേയും മയക്കുമരുന്നിന്റേയും പിറകെ പോകുകയാണ്. മനുഷ്യന്റെ ഈ നാശത്തിലൂടെ നമ്മുടെ നാട്ടും നശിക്കുകയാണ്. മദ്യപാനം പുകവലി മയക്കുമരുന്നു എന്നിവ ഒഴിവാക്കിയാൽ തന്നെ മനുഷ്യർ നന്നാകും അതിനോടൊപ്പം നമ്മുടെ നാട്ടും.



ലെന മറിയ ടി
IX I



ശ്രീയ രാജീവ്
X B

## മാറുന്ന ഭക്ഷണ ശീലവും മലയാളിയും

ഒരു മനുഷ്യന്റെ ശരീരത്തിന്റെ ക്ഷമതയും ഭംഗിയും നിലനിർത്തുന്നത് അവൻ തിരഞ്ഞെടുക്കുന്ന ആഹാരരീതിയാണ്.പോഷകസമ്പുഷ്ടമായ ഭക്ഷണവും മതിയായ വ്യായാമവും ഒരു മനുഷ്യന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. പണ്ടുമുതൽക്കേ ഈ സത്യാവസ്ഥ മനസ്സിയാക്കി അതിനുതകുന്ന രീതിയിൽ ജീവിച്ചിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികർ. പറമ്പുകളിൽ നിന്നും ലഭിച്ചിരുന്ന തനതായ ഭക്ഷ്യവിഭവങ്ങളും സ്വന്തമായി ഉത്പ്പാദിപ്പിച്ചിരുന്ന ഭക്ഷണപാനീയങ്ങളുമായിരുന്നു ആവരുടെ ആരോഗ്യത്തിന് കരുത്തേകിയിരുന്നത്.

എന്നാൽ മേൽപ്പറഞ്ഞ രീതിക്ക് കോട്ടം തട്ടിയിരിക്കുന്നു. സ്വന്തം കൈ കൊണ്ട് പാചകം ചെയ്യാൻ വരെ ഇന്ന് മലയാളികൾക്ക് മടിയാണ്. ആരെങ്കിലും കൃഷി ചെയ്തുണ്ടാക്കിയ വസ്തു പാചകം ചെയ്തുകൊടുക്കുക കൂടി ചെയ്താൽ സന്തോഷമായി എന്ന മനോഭാവം വച്ച് പുലർത്തുന്നവരാണ് ഇന്നത്തെ ഒട്ടുമിക്ക മലയാളികളും. ഫാസ്റ്റ് ഫുഡ്സുകളും സോഫ്റ്റ് ഡ്രിങ്ക്സും നമ്മുടെ തീൻമേശ കൈയ്യടക്കിയിരിക്കുന്നു. ടിന്നിലടച്ച ഭക്ഷണങ്ങളോടും പല നിറങ്ങളിൽ കിട്ടുന്ന സോഫ്റ്റ് ഡ്രിങ്ക്സിനോടുമുള്ള മലയാളിയുടെ പ്രിയം ഏറിവരികയാണ്കൈക്കുഞ്ഞുങ്ങൾ പോലും ഓർഡർ ചെയ്ത് വരുത്തിയ 'പിസ'യും 'ബർഗറും' മതിയെന്ന് പറയുന്ന ഒരവസ്ഥ നമ്മുടെ നാട്ടിലുണ്ടായിരിക്കുന്നു.



എല്ലാവരും ജോലിക്ക് പോയി പണം സംമ്പാദിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പാചകം ചെയ്യാൻ സമയമില്ലായെന്ന ഒരൊറ്റ കാരണത്താലാണ് ജങ്ക് ഫുഡ്സിനെ ആശ്രയിക്കുന്നത് . തങ്ങളുടെ ആരോഗ്യത്തെ പറ്റി ഒരു നിമിഷം ആലോചിച്ചാൽ

തങ്ങൾ കാലങ്ങളായി തുടർന്നു വരുന്ന ഈ രീതി തെറ്റാണ് എന്ന് മനസ്സിലാവും. സ്വന്തം കുഞ്ഞുങ്ങൾക്ക് പോലും നൽകി വരുന്നത് വിഷമാണ് എന്ന സത്യാസന്ധ നാം ആരും തന്നെ മനസ്സിലാക്കുന്നില്ല.

പല തരത്തിലുള്ള രാസവസ്തുക്കളും സ്വാദ്വർധിപ്പിക്കാനായി ഇത്തരത്തിലുള്ള ഭക്ഷണ പാനീയങ്ങളിൽ ഉപയോഗിച്ചുവരുന്നു. അജിനോമൊട്ടോ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന പക്ഷാഘാതത്തിന് വരെ കാരണമായേക്കാവുന്ന മോണോ സോഡിയം ഗ്ലൂട്ടാമേറ്റ് വരെ ഈ കൂട്ടത്തിൽപ്പെടും . ഇതൊക്കെ ഓരോ മലയാളിക്കും അറിയാവുന്ന കാര്യമാണ് . എങ്കിലും തങ്ങളുടെ തെറ്റായ ഭക്ഷണരീതി ഉപേക്ഷിക്കാൻ ആരും തന്നെ തയാറാവുന്നില്ല.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വൃക്കസംബന്ധമായ രോഗങ്ങൾ ബാധിച്ച് ആശുപത്രികളിൽ എത്തുന്നവരുടെ എണ്ണം വളരെയധികം വർധിച്ചിരിക്കുന്നതായി ആരോഗ്യപ്രവർത്തകർ പുറത്തിറക്കിയ സർവ്വേ വ്യക്തമാക്കുന്നു.ഇത്തരത്തിൽ നമ്മുടെ അവയവങ്ങളെയെല്ലാം സാരമായി ബാധിക്കുന്ന പല പ്രശ്നങ്ങളും ഫാസ്റ്റ്




ഫുഡുകളുടെയും സോഫ്റ്റ് ഡ്രിങ്ക്സിന്റെ രുചിക്കുപിറകിൽ ഒളിഞ്ഞിരിക്കുന്നു.


കാലം മുന്നോട്ടുപോകും തോറും മലയാളികൾ സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും മുന്നേറുന്നു എന്നാണ് പൊതുവെ പറയാറ് .എങ്കിലും ഇടക്കിടെ ഉയർന്നുപൊങ്ങികൊണ്ടിരിക്കുന്ന ആശുപത്രികൾ കാണുമ്പോൾ മലയാളികൾ ആരോഗ്യപരമായി മുന്നേറുന്നുണ്ടോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. ആരോഗ്യനിലവാരത്തിൽ കേരളം കുത്തനെ താഴ്ന്നുപോകാനിടയാക്കിയത് മലയാളികളുടെ ജങ്ക് ഫുഡ് ഉപയോഗമാണ്.

കാർഷികോൽപ്പാദന മികവിൽ നിലനിന്നിരുന്ന കേരളം ഇന്ന് ഉപഭോതൃസംസ്കാരത്തെ പിന്തുടരുന്ന ജനതയുടെ നാടായി മാറിയിരിക്കുന്നു. ഇതിന്റെ ഭാഗമെന്നോണം അപ്പോൾതന്നെ കഴിക്കാവുന്ന ഭക്ഷ്യവസ്തുക്കൾ വരെ വിലകൊടുത്ത് വാങ്ങാമെന്ന അവസ്ഥ ഉണ്ടായിരിക്കുന്നു.

പണ്ടത്തെ കേരളീയ ജനത മണ്ണിനെ സ്നേഹിച്ചവരായിരുന്നു. മണ്ണിൽ വിളയിച്ചെടുത്ത ഭക്ഷ്യവസ്തുക്കളായിരുന്നു അവരുടെ നാവിനെ കീഴടക്കിയിരുന്നത്.രുചിയോടൊപ്പം തന്നെ ആരോഗ്യത്തെയും

പരിപാലിച്ചവരായിരുന്നു നമ്മുടെ പൂർവ്വികർ എന്ന് പറഞ്ഞാൽ ഒരുപക്ഷേ ഇന്നത്തെ തലമുറ വിശ്വസിക്കില്ല കാരണം കേവലം താൽക്കാലിക രുചിയുടെ പിറകെ പോകുന്ന അവർ ആരോഗ്യമെന്ന മഹാസമ്പത്തിനെ മറന്നുപോയവരാണ്
ജീവിതശൈലി രോഗങ്ങൾ ഏറിവരുന്ന ഈ കാലഘട്ടത്തിൽ അതിന്റെ ഉത്തരവാദിത്തത്തിൽ മുക്കാൽ പങ്കും മാറിവരുന്ന ഭക്ഷണരീതിയിൽ ഏൽപ്പിക്കാം നാവിനെ വൈവിധ്യങ്ങളായ രുചികളാൽ ത്രുസിപ്പിക്കുക എന്നല്ലാതെ പോഷകഗുണവും ആരോഗ്യപരിപാലനത്തിന് മിഴിവേകുന്നതുമായ ഭക്ഷണം തിരഞ്ഞെടുക്കുക എന്ന ചിന്ത മലയാളിയുടെ മനസ്സിൽ നിന്നും മാഞ്ഞുപോയിരികികുന്നു. രുചിയെന്ന വാക്കു മാത്രമേ മലയാളികളുടെ നിഘണ്ടുവിൽ നിലനിൽക്കുന്നുള്ളൂ. ഈ രീതി മാറിവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

നമ്മുടെ പൂർവ്വികരെപ്പോലെ പറമ്പിൽ നിന്നും കിട്ടുന്ന പോഷകസമ്പുഷ്ടവും ആരോഗ്യത്തിന് കരുത്തേകുന്നതുമായ ഭക്ഷ്യവസ്തുക്കൾ തിരഞ്ഞെടുക്കാൻ നാം



ശീലിക്കേണ്ടിയിരിക്കുന്നു. കൈയ്യിൽ കിട്ടുന്നതെല്ലാം വലിച്ചുവാരിക്കഴിക്കാതെ ആരോഗ്യത്തിന് കോട്ടം തട്ടാത്തവിധത്തിലുള്ള ഭക്ഷണരീതി നാം ശീലിക്കേണ്ടിയിരിക്കുന്നു. 'ചൈനീസ് ഫുഡും', 'ജാപ്പനീസ് ഫുഡും 'തീൻമേശ കൈയ്യേറാത്ത രീതിയിലുള്ള പരമ്പരാഗതവും തനതായതുമായ ഭക്ഷണമേശ രൂപപ്പെടുത്താൻ നാം പഠിക്കേണ്ടിയിരിക്കുന്നു. എങ്കിലേ ആരോഗ്യപൂർണ്ണമായ ഒരു തലമുറയെ പടുത്തുയർത്താൻ നമുക്ക് കഴിയൂ. മറിച്ചാണെങ്കിൽ രോഗവും മരുന്നും വേട്ടയാടിക്കൊണ്ടിരിക്കുന്ന ഒരു തലമുറയാവും രൂപപ്പെടുക.

മർത്ത്യന പെറ്റമ്മ
തൻ ഭാഷ താൻ

## മാതൃഭാഷയിൽ നിന്നകലുന്ന പുതുതലമുറ

ഒരു നാൾ അമ്മയെന്ന് വിശേഷിപ്പിച്ച നമ്മുടെ മലയാള ഭാഷയെ പാശ്ചാത്യവൽക്കരിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന പുതുതലമുറയെയാണ് നാം ഇന്ന് വാർത്തെടുത്തുകൊണ്ടിരിക്കുന്നത്.

ഇന്നത്തെ ചെറിയ കുട്ടികൾ പോലും ഇംഗ്ലീഷ് ഭാഷയോടാണ് ആഭിമുഖ്യം പുലർത്തുന്നത്. മാതൃഭാഷയായ മലയാളത്തോട് ആർക്കും പ്രത്യേക്കിച്ച് ഒരു താൽപര്യവും ഇല്ല. ഇതിലൂടെ നാം നമ്മുടെ



സംസ്കാരത്തെ നശിപ്പിക്കുകയാണ്. പണ്ടുകാലത്ത് എന്നും മണ്ണിൽ കളിച്ച് നടന്ന കുട്ടികൾക്കും മുതിർന്നവർക്കും ഇന്ന് നമ്മുടെ മണ്ണിനോട് അറപ്പാണ്. സ്വന്തം അമ്മയെ പോലും വിൽപ്പന ചരക്കായി മാറ്റിയെടുക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അത്തരത്തിൽ പറയുകയാണെങ്കിൽ മാതൃഭാഷയെ പാശ്ചാത്യവൽക്കരിക്കുന്നതിൽ നമ്മുക്ക് പുതുമ കണ്ടെത്താനാകില്ല.

കുറച്ച് വർഷം കൂടി കഴിയുമ്പോൾ മണ്ണിൽ നിന്നും നമ്മുടെ മാതൃഭാഷയിൽ നിന്നും അകന്ന ഒരു തലമുറയെ നമ്മുക്ക് കാണാൻ സാധിക്കും. ഇന്ന് പല കുട്ടികൾക്കും മലയാള ഭാഷ എഴുതാനും വായിക്കാനും അറിയില്ല. അറിയുന്നവർ തന്നെ അതിനെ വെറുക്കുന്നു. മലയാളം എഴുതാനും വായിക്കാനും മടിയാണ്.

മാതൃഭാഷ സംസാരിക്കുന്നതിന്റെ പേരിൽ വിദ്യാലയങ്ങളിൽ നിന്ന് കുട്ടികളെ പുറത്താക്കുന്ന സ്ഥിതി വിശേഷം പോലും ഇന്നത്തെ സമൂഹത്തിൽ കാണാൻ കഴിയും. നാളത്തെ ഒരു പുതുതലമുറ എടുത്തു പരിശോധിക്കുകയാണെങ്കിൽ മലയാളം എന്ന ഭാഷ കേരളത്തിൽ നിലനിന്നിരുന്നു എന്ന നാം അവർക്ക് പറഞ്ഞു കൊടുക്കേണ്ട

അവസ്ഥയാണ് കേരള സമൂഹത്തിൽ ഉണ്ടവുക. കേരളത്തിന്റെ ചരിത്രം നാം ചരിത്ര പുസ്തകത്തിൽ പഠിക്കുന്നത് പോലെ മലയാള ഭാഷയുടെ ചരിത്രം നാം പുതുതലമുറക്ക് പറഞ്ഞുകൊടുക്കേണ്ടി വരും അത്രത്തോളം മലയാള ഭാഷ നമ്മിൽ നിന്നും അന്യം നിന്ന് പോകുകയാണ്.



**അനാമിക സി**

IX I

## മഴ

മഴ മലയാളിയുടെ സാംസ്കാരികപരിസരത്തെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. അത് അത് എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് മനസ്സിലായാൽ മാത്രമേ മൺസൂണിനെ എങ്ങനെ കൂടുതൽ നന്നായി പ്രയോജനപ്പെടുത്താവെന്ന് തീരുമാനിക്കാവൂ.

എങ്ങനെയാണ് തെക്കുപടിഞ്ഞാറൻ കാലവർഷം രൂപപ്പെടുന്നതെന്ന് നമുക്ക് പരിശോധിക്കാം. ഉത്തരാർധഗോളത്തിൽ വേനൽ കാലത്ത് (മാർച്ച് മുതൽ സെപ്റ്റംബർ വരെ) ഏഷ്യൻ വൻകര തെക്കൻ സമുദ്ര ഭാഗങ്ങളെ അപേക്ഷിച്ച് കൂടുതൽ ചൂടുള്ളതായിത്തീരുന്നു.തത്ഫലമായി ഏപ്രിൽ മാസത്തോട് കൂടി ബലൂചിസ്ഥാൻ (വടക്കു പടിഞ്ഞാറൻ പാക്കിസ്ഥാൻ) ഭാഗത്ത് ഒരു തീവ്രലഘുമർദം രൂപപ്പെടുന്നു. മെയ് മാസത്തോട്കൂടി ഈ ന്യൂനമർദം ഒരു ലഘുമർദപാതി (monsoon trough)യായി സിന്ധു സമതലത്തിലൂടെ ബംഗാൾ ഉൾക്കടലിലേക്ക് വ്യാപിക്കുന്നു.ഈ അർധസ്ഥിരതം ലഘുമർദവ്യൂഹം(semi Permenent system) ആണ് നാം മൺസൂണെന്ന് വിളിക്കുന്ന പ്രതിഭാസത്തിന്റെ നാഡീവ്യൂഹം.

മൺസൂൺ എന്നത് വിശാലമായ അർത്ഥത്തിൽ കരയും കടലും തമ്മിലുള്ള താപവ്യത്യാസത്തിന്റെ (differential hearing) ഫലമായുണ്ടാവുന്ന ബൃഹത് വായുപ്രവാഹമാണ് .സഹ്യപർവ്വതം അറബിക്കടൽ ശാഖയെയും ഹിമാലയപർവ്വതശൃംഗങ്ങൾ ബംഗാൾ ഉൾക്കടൽ ശാഖയെയും തടുത്തുനിർത്താൻ സഹായിക്കുന്നത് മൂലം ആർദ്രത



(humidity) നിറഞ്ഞ വായു മുകളിലേക്ക് ഉയർത്തപ്പെടുകയും നീരാവി ഘനീഭവിച്ച് മഴമേഘങ്ങളുടെ രൂപീകരണത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇന്ത്യയുടെ ഈ സവിശേഷ ഭൂപ്രകൃതിയാണ് കേരളമുൾപ്പെടുന്ന തെക്കുപടിഞ്ഞാറൻ മേഖലയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും താരതമ്യേന കൂടുതൽ മഴ ലഭിക്കുന്നതിൻ സഹായകമാവുന്നത്.

ശ്രേയ .പി
IX- G

## ഭക്ഷ്യസംസ്കരണത്തിന് ആണവോർജം


ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വിവിധതരം രാസ പഥാർത്ഥങ്ങളാണ് പൊതുവേ ഉപയോഗിക്കാറുള്ളത്. ഈ രാസപഥാർത്ഥങ്ങളെ 'പ്രിസർ വേറ്റീസ്' എന്നു വിളിക്കുന്നു.എന്നാൽ രേഡിയോ ആക്റ്റീവതയും ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്താമെന്ന് കണ്ടെത്തിയിട്ടുണ്ട്. കോ-ബാൾട്ട് 60 എന്ന റേഡിയോ ആക്റ്റീവതയുള്ള മീലകത്തിൽ നിന്നുള്ള ഗാമാ കിരണങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത്.

വികിരണം ഏൽപിക്കുന്നതു മൂലം, ഭക്ഷ്യവസ്തുക്കളിൽ ദോഷകരമായ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോ, സൂഷ്മ ജീവികൾ പൂർണ്ണമായും നശിക്കുന്നുണ്ടോ ,ഉത്പന്നത്തിന് റേഡിയോ ആക്റ്റീവത ഉണ്ടാകുന്നുണ്ടോ, തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് മൃഗങ്ങൾക്കും മനുഷ്യർക്കും ഇത്തരം ആഹാരം കൊടുത്ത് ദീർഘകാലം പഠിച്ച ശേഷമാണ് ഈ പ്രക്രിയ വ്യാവസായികാടിസ്ഥാനത്തിൽ നിർദേശിക്കപ്പെട്ടിട്ടുള്ളത്.



സവാള, ചെറിയുള്ളി, ഉരുളക്കിഴങ്ങ് മുതലായവ മുളയ്ക്കാതിരിക്കാനും ദീർഘകാലം കേടുകൂടാതിരിക്കാനും വികിരണം ഏൽപ്പിക്കുന്നത് സഹായിക്കുമെന്ന് ഭാഭാ ആറ്റോമിക(ബി.എ.ആർ.സി.)നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഭക്ഷ്യോത്പന്നങ്ങൾ വികിരണം ചെയ്ത് വിപണിയിലെത്തിക്കുന്ന കേന്ദ്രങ്ങൾ ബി.എ.ആർ.സി.യുടെ കീഴിൽ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. മാങ്ങ ,അരി, റവ, ആട്ട,മൈദ,ഉണക്കമുന്തിരി, ഫിഗ് പഴങ്ങൾ, ഈന്തപഴം മുതലായവ കീടമുക്തമാക്കുന്നതിനും വികിരണങ്ങൾ ഉപയോഗിക്കുന്നു. ഈ ഉത്പന്നങ്ങൽ വായുതിബദ്ധമായി പായ്ക്ക് ചെയ്തതിനുശേഷം വികിരണം ഏൽപിക്കുന്നതിനാൽ

ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതുവരെ കീടബാധ ഉണ്ടാകില്ലെന്ന് ഉറപ്പിക്കാം.മത്സ്യ മാംസങ്ങൾ സൂക്ഷിക്കുന്നതിനും ഈ മാർഗ്ഗം ഫലപ്രദമാണ്.




ഷഹാന .ഇ.പി

IX A

## പട്ടം പോലെ

ഒരു പട്ടം എങ്ങനെയാണെന്ന് നമുക്കറിയാമല്ലോ . അത് കാറ്റിന്റെ ദിശയനുസരിച്ചാണ് പറക്കുന്നത്. അത് പറക്കുന്നത് കാണാൻ നല്ല ഭംഗിയാണ്. ഇന്ന് വളർന്നുവരുന്ന തലമുറയുടെ ജീവിതവും പാറിപ്പറക്കുന്ന പട്ടവും തമ്മിൽ ചില സാമ്യങ്ങളില്ലേ ?. പുതു തലമുറയ്ക്ക് എത്ര ഉയരത്തിൽ പറക്കാൻ പറ്റുമോ അത്രയും ഉയരത്തിൽ അവർ പറന്നുയരും. പുതിയ പുതിയ ലേകങ്ങൾ കാണാൻ ആഗ്രഹിക്കുന്നവരാണവർ. പക്ഷെ ഏതൊരു പട്ടത്തിനേയും നിയന്ത്രിക്കാൻ ഒരു ചരടിന്റെ അറ്റത്ത് ആരെങ്കിലും ഉണ്ടാകും. അതുപോലെ നമ്മുടെ ജീവിതത്തിലും നമ്മെ നിയന്ത്രിക്കാൻ നമ്മുടെ മാതാപിതാക്കളാണ് ആ സ്ഥാനത്ത്. പുതു തലമുറയ്ക്ക് മാതാപിതാക്കളോടൊത്ത് സമയം ചിലഴിക്കുന്നതിനേക്കാൾ കൂടുതൽ താത്പര്യം സുഹൃത്തുക്കളുടെ കൂടെ കഴിയാനാണ്. ചില ചീത്ത



കൂട്ടുകെട്ടിൽ പെട്ടാൽ കെട്ടു പൊട്ടിയ പട്ടം പോലെ എവിടേക്കോ പറന്നു പോകും. മാതാപിതാക്കളുടെ കണ്ണുവെട്ടിച്ച് ദൂരത്തേക്ക് പറന്നുയരും പിന്നെ ഏതെങ്കിലും മരച്ചില്ലയിൽ തട്ടി ചെളിക്കുണ്ടിൽ വീഴുന്നു. പുതിയ പട്ടത്തെ കാണുമ്പോൾ ആദ്യം ആരായാലും ഒന്നു കൊതിച്ചുപോകും. പിന്നെ അത് ചെളിയിൽ വീണാൽ ആരും അതിന് ഒരു വിലയും കൊടുക്കില്ല. അതു പോലെയാണ് പെൺകുട്ടികളുടെ ജീവിതവും. കൂട്ടുകാരെ ഒന്നോർക്കുക ഇനിയും ഉയരത്തിൽ പറക്കേണ്ടവരാണ് നമ്മൾ ഓരോരുത്തരും. അല്ലാതെ ഒരു നിമിഷം കൊണ്ട് ഇല്ലാതാകേണ്ടവരല്ല . നമ്മളെ ചീത്തവഴിയിലേക്ക് നയിക്കാൻ കുറേപേരുണ്ടാകും പക്ഷെ നമ്മളെ നല്ല വഴിയിലേക്ക് നയിക്കാൻ നമ്മൾ മാത്രമേ ഉണ്ടാകു.

ഞാൻ ഇതിലൂടെ വ്യക്തമാക്കുന്നത് മനസ്സിന്റെ ഓളങ്ങൾക്കനുസരിച്ച് പറക്കരുത്. നമ്മുടെ നന്മ ആഗ്രഹിക്കുന്ന, വളർച്ച സ്വപ്നം കാണുന്ന മാതാപിതാക്കളുടെ ആഗ്രഹങ്ങൾക്കനുസൃതമായി ഉയരങ്ങളിലേക്ക് കുതിക്കുക.



ദേവിക ഷൈജു
VIII A

## കൂട്ടുകൂടാൻ ഒരു കുട്ടിത്താറാവ്

എന്തെങ്കിലും അസുഖം പിടിപ്പെട്ട കുട്ടികളെ സന്തോഷിപ്പിക്കുക അത്ര എളുപ്പമല്ല. പ്രത്യേകിച്ചും,അർബുദം പോലെയുള്ള രോഗങ്ങൾ ബാധിച്ച കുട്ടികളെ. അങ്ങനെയുള്ള കുട്ടികൾക്ക് സന്തോഷം പകരാൻ സഹായിക്കുന്ന ഒരു കുഞ്ഞിത്താറാവുപ്പാവ 2018- ലെ ഏറ്റവും മികച്ച കണ്ടുപിടിത്തങ്ങളിൽ ഒന്നാണ്. അഫ് ലാക് [aflac] എന്ന വമ്പൻ ഇൻഷുറൻസ് കമ്പനി , അർബുദരോഗമുള്ള കുട്ടികൾക്കു വേണ്ടി സൗജന്യമായി വിതരണം ചെയ്യുന്ന പാവയാണിത്.

ചലിക്കുന്ന ഈ പാവ കീമോതെറാപ്പി പോലെയുള്ള ചികിത്സകളെക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്നതിനൊപ്പം വിവിധ വികാരങ്ങൾ പ്രകടിപ്പിച്ച് കുട്ടിയുമായി കൂട്ടുകൂടുകയും ചെയ്യും . താൻ കടന്നുപോകുന്ന അവസ്ഥ തന്റെ ചങ്ങാതിയിലൂടെ മനസ്സിലാക്കുന്നത് അവരെ സന്തോഷവാന്മാരാക്കുന്നു. താറാവും മറ്റ് അനുബന്ധ ഉപകരണങ്ങളും ചേർത്ത് ഒരു സെറ്റായാണ് കുട്ടിക്ക് നൽകുന്നത്.

ആരോഗ്യസുരക്ഷയുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്ന സ്പ്രൗട്ടെൽ എന്ന കമ്പനിയാണ് അഫ് ലാക്കിനുവേണ്ടി my special aflac duck എന്ന പേരിട്ട ഈ പാവയെ രൂപകൽപന ചെയ്തത് . ഇതിനുമുൻപ് പ്രമേഹരോഗമുള്ള കുട്ടികൾക്കായി 'ജെറി 'എന്ന പേരിട്ട ഒരു കരടിക്കുട്ടൻ പാവയേയും സ്പ്രൗട്ടെൽ നിർമ്മിച്ചിരുന്നു.



നന്ദന ദിനേശന
IX- B


## ഗുരു എന്ന മാണിക്യം

മാതാപിതാഗുരുദൈവം എന്ന് നാം എല്ലാവരും കേട്ടിട്ടുണ്ടാകും. മാതാവിനും പിതാവിനും നമ്മുടെ ജീവിതത്തിലുള്ള അതേ സ്ഥാനം തന്നെയാണ് നമ്മുടെ ഗുരുവിനും ഉള്ളത്. ഗുരു നമ്മെ അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്ക് നയിക്കുന്നു. നമ്മുടെ ബാല്യകാലത്തിൽ ഏറിയ പങ്കും ചിലവഴിക്കുന്നത് സ്കൂളിലാണ്. അതിനാൽ ഒരു വ്യക്തിയുടെ സ്വഭാവത്തെ അത് വളരെ ഏറെ സ്വാധീനിക്കുന്നു. ഒരു വ്യക്തി തന്റെ ജീവിതത്തിൽ ഒന്നാം ക്ലാസ്സിലെ ബാലപാഠങ്ങൾ പഠിപ്പിച്ചാൽ അവർ ഒരു ഗുരുവാണ്. ഇന്ന് നാം ഗുരുവിനെ ഓർക്കുന്നത് സെപ്തംബർ 5 അദ്ധ്യാപക ദിനത്തിൽ ആണ്. അതു പോരാ,നമ്മെ പഠിപ്പിച്ച ഓരോ



അധ്യാപകരേയും നാം ഈശ്വരതുല്യമായി കണക്കാക്കണം. ഒരു നല്ല അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള ആത്മ ബന്ധം എന്നത് അമ്മയും മകനും തമ്മിലെ ആത്മബന്ധത്തെക്കാൽ മഹത്തരവും സുന്ദരവുമാണ്. അധ്യാപകർ നമ്മുടെ ജീവുതത്തിലെ നാഴികക്കല്ലാണ്. നമ്മുടെ മാതാപിതാക്കളോട് പോലും പറയാതിരിക്കുന്ന രഹസ്യങ്ങൾ നമ്മുടെ ഗുരുക്കന്മാരോട് നാം പറയും അത്ര നല്ല സുഹൃത്തുക്കളാണ് അവർ.ഇന്ന് നമ്മുടെ സമൂഹത്തിൽ അധ്യാപകർക്ക് അത്ര നല്ല സ്ഥാനമല്ല ഉള്ളത്. അധ്യാപകരെ മർദ്ദിക്കുന്ന പഴിക്കുന്ന ഒരു സമൂഹമാണ് ഉയർന്നു വരുന്നത് . ആ കണ്ണിയിൽ ഒരാളാണ് നമ്മളു.നാം ടീച്ചർമാരെ പഴിക്കരുത്. അവർ നമ്മുക്ക് നൽകുന്ന കൊച്ചു കൊച്ചു അടികളും പഴികളും നമ്മുടെ ഹൃദയത്തിൽ ചെന്നു പതിക്കേണ്ടത് തലോടലുകളായിട്ടാണ്, അല്ലാതെ മറിച്ചെല്ല. ഇന്ന് അധ്യാപകർ ഒന്നു നോക്കിയാൽ കുറ്റം, പഴിച്ചാൽ കുറ്റം എന്തിലും ഏതിനും കുറ്റം. ഇന്ന് വിദ്യാർത്ഥികൾക്ക് ഏറ്റവും കൂടുതൽ അറിയുന്നത് ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പറാണ്. വിദ്യാർത്ഥികൾ അവരുടെ സഞ്ചാരപാത തെറ്റിക്കുമ്പോഴാണ് അധ്യാപകർ തല്ലുന്നത്. എന്നാൽ നാം അത് മനസ്സിലാക്കുന്നില്ല. നാം അധ്യാപകരെ


ആക്ഷേപിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. അത് തികച്ചും തെറ്റാണ്. നമ്മെ സന്മാർഗത്തിലേക്ക് നയിക്കുന്ന ദൈവത്തിന്റെ ദൂതന്മാരാണ് അധ്യാപകർ. നാം അത് മനസ്സിലക്കണം. അവരെ അവഹേളിക്കുകയല്ല ആദരിക്കുകയാണ് വേണ്ടത് എന്ന മഹത്തായ സത്യം നാം തിരിച്ചറിയണം. ഗുരു പാദങ്ങലാണ് നാം പൂജ ചെയ്യേണ്ടത്. ഗുരുക്കന്മാരെയാണ് നാം ദൈവമായി കാണേണ്ടത്.പുതിയ ഒരു തലമുറ തന്നെ വാർത്തെടുക്കാൻ കഴിവുള്ളവരാണ് അധ്യാപകർ എന്നും നാം മനസ്സിലാക്കണം.



മുഹമ്മദ് ആദിൽ സി
IX H

## ഗണിതലാബ് എന്ത് ? എന്തിന് ?

ഏത് വിഷയത്തിലായലും പരീക്ഷണ- നിരീക്ഷണങ്ങൾക്കുള്ള ഇടമാണ് ലാബ്. ഗണിതത്തിലെ പരീക്ഷണ-നിരീക്ഷണ സൗകര്യമൊരുക്കലും, കുട്ടികൾ തയ്യാറാക്കിയ വിഭവങ്ങളുടെ പ്രദർശനവുമാണ് ഗണിത ലാബ് കൊണ്ട് ഉദ്ദേശിക്കുന്നത്.ഗണിത പഠനം കൊണ്ട് ലക്ഷ്യമിടുന്നത് ചിന്തയുടെ ഗണിതവൽക്കരണമാണ്.ഇതിനായി പഠന പ്രവർത്തനങ്ങളിൽ പഠിതാവിന്റെ ഇന്ദ്രിയങ്ങളുടെ സജീവമായ പങ്കാളിത്തം അനിവാര്യമാണ്.അതുകൊണ്ട് പഠന പ്രവർത്തനങ്ങൾ കേവലം കണ്ടും കേട്ടും പഠിക്കുന്നവ മാത്രമാകരുത്. ഇന്ദ്രിയങ്ങളുടെ പ്രയോഗത്തിലൂടെയുള്ളതാകണം. ഇവിടെയാണ് ഗണിത ലാബിന്റെ ആവശ്യം പ്രസക്തമാകുന്നത്.



ഏതൊരു കുട്ടിക്കും ഗണിത ആശയങ്ങളുടെ സ്വയം രൂപീകരണം നടത്തുന്നതിനുള്ള അവസരവും സൗകര്യവും ഗണിത ലാബിൽ ഉണ്ടാകണം. ഓരോ ക്ലാസ്സിലെയും പ്രവർത്തനങ്ങൾ വഴി രൂപപ്പെടുന്ന വസ്തുക്കൾ കാണാനും മനസ്സിലാക്കാനുമുള്ള സൗകര്യം എല്ലാ വിദ്യാർത്ഥിക്കൾക്കും ഉണ്ടാകണം. നിരന്തരമായി ഉണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ വിപുലമായ ശേഖരമാണ് ഗണിത ലാബിനെ അർത്ഥ പൂർണ്ണമാക്കുന്നത്. വില കുറഞ്ഞ ഉൽപ്പന്നങ്ങളും പാഴ് വസ്തുക്കളുമാണ് ഗണിത ലാബിലെ അസംസ്കൃത വസ്തുക്കൾ. ഐ.സി.ടി സൗകര്യവും ജിയോജിബ്രയുടെ ഉപയോഗവും ഗണിത ലാബിനെ ആകർഷകമാക്കുന്നു. ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഗണിത ലാബ് കേന്ദ്രീകരിച്ചായിരിക്കണം.പഠനത്തിന്റെ ഇടവേളകൾ കുട്ടികളെ ആകർഷിക്കുന്ന ഒരു അധിക പഠന കേന്ദ്രമായി ഗണിത ലാബിനെ മാറ്റിയാൽ ഗണിത പഠനം രസകരമാക്കാൻ ഏറ്റവും യോജിച്ച ഇടമായി സ്കൂൾ ഗണിത ലാബ് മാറും.



കൃഷ്ണപ്രഭ പി എം

## WORLD OF TODAY'S GENERATION

Now a days our generation is entirely different. Their ways differ when compared to the old generation. They lead their life without proper aim.

Today all including newborn babies and aged people are addicted to mobile phones . These mobile phones are dangerous as drugs . Due to unlimited use of internet the number of suicides among young people are increasing. The present generation is trapped in the world of internet. They fact to understand the dangerous situation in front of them. Its not only their fault but also their parents .Parents also have a great influence in life of their children. Parents encourage their children to use mobiles . Some of the parents realise the danger of mobiles, so they discourage children to use mobile phones. Children must grow hand-in-hand with technology.



The parents must be aware of cyber safety. Cyber safety is equal to the police . We can call it as the guardian of internet. It is our duty to protect this generation and future generations .For that cyber safety is the most useful and effective way.


Internet is useful for children in their studies. But it is dangerous also. The social media like facebook whatsapp etc introduce children to a magical fantasy land there by losing touch with reality. Their must be aware of it. “Awareness make people better and more safer”.



Anamika Ponnu
IX B

## Micrographia

World's first 'super hit' Physiological Discription is the Robert Hooke's 'Micrographia'. The main attraction of the book is, the first book which included the microscopic pictures of insects and plants . Hooke published Micrographia in 1665 and the word 'cell' was used first in this book. This book have the first publishment of London Royal Society. They introduced a new method through this book named Microscopy, which gives us zoomed pictures of the body parts of plants and animals.




Famous architect Robert Hooke also known as 'England's Leonardo da Vinci'.His notable contributions were in the biology, physics, architecture,surveying,astronomy etc.



Nandana Dineshan
IX B

## Louis Lionel Andres Messi

Born in a middle class family Messi spent his childhood in Argentina. Growing up in a football loving family, he developed a passion for football at an early age.At the age of five he showed great skills at a local club coached by his father. But it was strange to see that he was way too shorter than the boys of his age.

"Whenever I went into the pitch or when I went to school i was always the smallest of all".At eleven he was diagonsed with growth hormone deficiency and had to seek medical assistance"Every night I had to stick a needle into my legs over a period of three years". Unfortunately his family couldn't afford the treatment for long and eventhough he was a great asset for his soccer club still they refused to pay his bills. But then his life took an amazing turn .

At 13, he got an offer from FC Barcelona that they would pay for his treatment if he played for them. So his family moved to spain with no money or job all in the hope that his treatment will make him big enough to play soccer. At 17 he became the youngest player in FC Barcelona to score a goal and soon he became a star performer for every team that he played with .Today Lionel Messi is known as one of the greatest footballers of all time and has won most Ballon d'Or in the world.

Messi's story teaches us that never lose hope. You never know what tomorrow might bring to you.



Safwan Ali
IX A


# പുസ്തക പരിചയം

വടിയെടുക്കാതെയും, കണ്ണുരുട്ടാതെയും
അറിവ് പകർന്നു നൽകുന്ന ഉത്തമ
ഗുരുനാഥന്മാരാണ്
പുസ്തകങ്ങൾ

-കാർലൈൻ

## അഗ്നിച്ചിറകുകൾ

നമ്മുടെ 11 ാം രാഷ്ട്രപതിയായ എ പി ജെ അബ്ദുൾ കലാമിന്റെ ആത്മകഥയാണ് അഗ്നിച്ചിറകുകൾ . ഒരു ആത്മകഥ എന്നും വായനക്കാരിൽ പ്രചോദനമുളവാക്കിയിരിക്കണം. അബ്ദുൾ കലാമിന്റെ അഗ്നിച്ചിറകുകൾ വായനക്കാരിൽ പ്രചോദനവും ആത്മവിഷ്വാസവും നിറയ്ക്കാൻ സഹായകരമാണ്.




എല്ലാ വിജയങ്ങൾക്കു പിന്നിലും പരാജയങ്ങൾ ഒട്ടനേകം ഉണ്ടാകുമെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കിതരുന്ന ഈ പുസ്തകം . അദ്ദേഹത്തിന്റെ ബാല്യം മുതൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായ ഓരോ ചെറിയ സംഭവങ്ങളും ഒരു കണികപോലെ കൂട്ടി ചേർക്കുകയാണ് ഇവിടെ. രാഷ്ട്രപതിയാവുന്നത്തിന് മുമ്പ് വരെ ഒരു സാധാരണക്കാരനായ അദ്ദേഹം എന്തൊക്കെ പ്രതിബന്ധങ്ങൾ നേരിട്ടുവെന്നും അതൊക്കെ എങ്ങനെ തരണം ചെയ്തു എന്നും നമുക്ക് മനസിലാകുന്നു. ഓരോ പൗരനും തന്റെ ജീവിതത്തിനുടനീളം കൈവിടാതെ സൂക്ഷിക്കേണ്ട മൂല്യങ്ങൾ അദ്ദേഹം പകർന്നു തരുന്നു. ഏതൊരു വ്യക്തിയേയും സ്വാധീനിക്കുന്ന തരത്തിലുള്ള ധാരാളം വചനങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട് . ഏതൊരു വ്യക്തിയും വായിച്ചിരിക്കേണ്ടതാണ് ഈ പുസ്തകം.




അനാമിക പൊന്നു

IX- B

## കാടിന്റെ വിളി

പ്രശസ്ത അമേരിക്കൻ എഴുത്തുകാരൻ ജാക്ക് ലണ്ടന്റെ രചനയായ 'ദ കോൾ ഓഫ് ദ വൈൽഡ് ' എന്ന പുസ്തകത്തിന്റെ എം മനോഹരൻ രചിച്ച മലയാളം പുനരാഖ്യാനമായ 'കാടിന്റെ വിളി ' ഞാൻ അവധിക്കാലത്ത് വായിച്ച പുസ്തകത്തിൽ ഒന്നാണ്.




ഇതിൽ ഒരു നായയുടെ ജീവിതമാണ് പറയുന്നത്. ഇതിലെ മുഖ്യ കഥാപാത്രം ബക്ക് എന്ന നായയാണ് . ഒരു സമ്പന്നഗൃഹത്തിലെ വളർത്തുനായയായിരുന്നു ബക്ക്. സ്വർണ്ണക്കൊതിയരായ മനുഷ്യരാണ് ബക്കിന്റെ ജീവിതം മാറ്റി മറിച്ചത് . പിന്നീട് അവൻ ചിലവഴിച്ചത് നരകതുല്യമായ ജീവിതമായിരുന്നു. മനുഷ്യരിൽ നിന്നും മറ്റു നായക്കളിൽ നിന്നും അവന് ഏൽക്കേണ്ടിവന്ന കൊടുംക്രൂരതകൾക്ക് കൈയും കണക്കുമില്ലായിരുന്നു. സാവധാനം അവനും മാറി . അവന്റെ മനസ്സും ശരീരവും ചിന്തകളും കാഴ്ചപ്പാടുകളും മാറി . ഒടുവിൽ അവൻ കാട്ടിലേക്ക് മടങ്ങി . തന്റെ പൂർവ്വികരുടെ വംശ പരമ്പരയിൽ ചേരാൻ . ചെന്നായ്ക്കൂട്ടത്തിൽ അംഗമാകാൻ. അവന്റെ വിളിതാഴ്വരയിൽ തട്ടി പ്രതിധ്വനിക്കുന്ന വന്യമായവിളിയായി . അത് കാടിന്റെ വിളിയായിരുന്നു.

ഈ കഥയിലൂടെ കഥാകൃത്ത് സ്വാതന്ത്ര്യത്തിന്റേയും തിരിച്ചറിവിന്റേയും സന്തോഷം പകർന്നു നൽകുകയാണ് . അതും ഒരു നായയുടെ ജീവിതസാഹചര്യത്തിലൂടെ . വേറിട്ട ഒരു ഗദ്യശൈലിയിലും എന്നാൽ വളരെ ലളിതമായുമാണ് കഥാകൃത്ത് ഇത് അവതരിപ്പിച്ചിരിക്കുന്നത്.



അർച്ചന വി പി
IX B

## ദൈവത്തിന്റെ കണ്ണ്

ഞാൻ ഫാത്തിമ ഫിദ എം വി ഒമ്പതാം തരത്തിൽ എഫ് ഡിവിഷനിൽ പഠിക്കുന്നു. ഞാൻ വായിച്ച പുസ്തകം മലയാളത്തിലെ ശ്രദ്ധേയനായ ചെറുകഥാകൃത്തും നോവലിസ്റ്റുമായ എൻ പി മുഹമ്മദിന്റെ " ദൈവത്തിന്റെ കണ്ണ് "എന്ന നോവലാണ്. അദ്ദേഹം 1928-ൽ കോഴിക്കോട് ഇടിയങ്ങരയിൽ ജനിച്ചു . അദ്ദേഹത്തിന്റെ പ്രധാന കൃതികളിൽ ഒന്നാണ് "ദൈവത്തിന്റെ കണ്ണ് " . അദ്ദേഹം 2003- ൽ അന്തരിച്ചു.




ഇതിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ വർണ്ണിച്ചിട്ടുണ്ട്. എൻ പി മുഹമ്മദ് തന്നെ ഈ നോവലിലെ പരിസ്ഥിതി ബന്ധത്തെ കുറിച്ച് പറയുന്നു. "പ്രകൃതിയോടുള്ള അഭേദ്യമായ ബന്ധം ദൈവത്തിന്റെ കണ്ണിൽ കാണാം . പലതലങ്ങളും അടരുകളുമുള്ള നോവൽ . പ്രകൃതി അമ്മയാണ് എന്നുള്ളത് ഭാരതീയ സങ്കൽപ്പം മാത്രമല്ല .നമ്മുടെ പരിസ്ഥിതി പ്രശ്നങ്ങൾ സാംസ്കാരികരംഗത്ത് സജീവമായിമാറിയ ഒരു ഘട്ടത്തിലാണ് ഈ രചന വരുന്നത് . എന്റെ മറ്റൊരു പുസ്തകമോ നോവലോ ഞാൻ ആർക്കും സമർപ്പിച്ചിട്ടില്ല . ആ പുസ്തകം സമർപ്പിച്ചിട്ടുള്ളത് പരിസ്ഥിതി പ്രവർത്തകർക്കാണ് ".

ഈ നോവലിൽ പ്രധാനമായും അന്ധ വിശ്വാസങ്ങളെയും അനാചാരങ്ങളെയും കുറിച്ചാണ് പറയുന്നത്. ആ കാഴ്ച്ചകൾ ഒരു കുട്ടിയെ വീക്ഷമാക്കികൊണ്ടാണ് നോവൽ രചിച്ചിരിക്കുന്നത്. ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ അയമ്മദ്, മൊയമ്മദാലിക്കാക്ക, തുപ്രൻ, കോയസ്സൻ, മൂത്താപ്പ, ആയിസമ്മായി, ഉമ്മു, ഉമ്മ ഇവരൊക്കെയാണ്. മൊയമ്മദാലിക്കാക്കയെ ആണ് ഇവർ ഇവിടെ അന്ധ വിശ്വാസത്തിന് ബലി നൽകിയത് . ഇത് നോവലിന്റെ രണ്ടാം ഭാഗത്തിൽ പറയുന്നുണ്ട്. ആയിസമ്മായി മരണപ്പെട്ടതിന് ശേഷം സമനില തെറ്റിയ മൊയമ്മദാലിക്കാക്കയുടെ ദേഹത്ത് മൂന്ന് മൂർത്തികൾ പ്രവേശിച്ചിട്ടുണ്ടെന്നും അവർ വളരെ ശക്തിയുള്ളതാണെന്നും പറഞ്ഞ് കോയസ്സൻ അടിക്കുകയും അടിയേൽക്കാൻ കഴിയാതെ മൊയമ്മദാലിക്കാക്ക മരിക്കുകയും ചെയ്യുന്നു. ഇതിൽ പശ്ചാതാപിച്ച്

അടുത്ത ദിവസം കോയസ്സനും മരിക്കുന്നതാണ് നോവൽ . ഈ നോവലിനെ പക്ഷേ ഇതുപോലെയല്ല എൻ പി മുഹമ്മദ് എഴുതിയിരിക്കുന്നത് . ഉമ്മു അയമദിനോടു പറഞ്ഞു കൊടുക്കുന്ന കഥകളും അയമദ് നേരിൽ കാണുന്ന ഉമായകാഴ്ച്ചകളുമാണ് ഈ നോവലിൽ പരാമർശിക്കുന്നത്. അയമദ് എന്ന കുട്ടി ചിന്തിക്കുന്ന കാര്യമാണ് സൂര്യനാണ് ദൈവത്തിന്റെ കണ്ണ്. അതെ അത് സത്യമാണ് സൂര്യൻ മാത്രമല്ല ഈ പ്രകൃതി മുഴുവൻ ദൈവത്തിന്റെ കണ്ണുകൾ തന്നെയാണ്.

കുറെ ഘട്ടങ്ങളായാണ് നോവൽ രചിച്ചിരിക്കുന്നത്. ഓരോ ഘട്ടങ്ങളിൽ പ്രകൃതിയെ നോവലിസ്റ്റ് വർണ്ണിച്ചിട്ടുണ്ട് . അത് കാറ്റിന്റെ രൂപത്തിലും മാവിന്റെയും പ്ലാവിന്റെയും കുളത്തിന്റെയും അങ്ങനെ ഒരുപാട് പരിസ്ഥിതി ചിത്രങ്ങൾ വായനയിലൂടെ നമുക്ക് കാണാം . പണ്ടത്തെ കാലത്ത് ഉണ്ടായിരുന്ന അന്തവിശ്വാസങ്ങളെയും അനാചാരങ്ങളെയും അത് വരുത്തിവെക്കുന്ന ദോഷങ്ങളുമാണ് ഈ നോവലിലൂടെ എൻ പി മുഹമ്മദ് സമൂഹത്തിന്റെ പുറത്ത് കൊണ്ടുവരുന്നത് . വളരെയധികം ഔചിത്യപൂർണ്ണമായ നോവലാണ് "ദൈവത്തിന്റെ കണ്ണ് ". 



ഫാത്തിമ ഫിദ എം പി
IX- F

## ഗണിതശാസ്ത്ര പ്രതിഭകൾ

ശ്രീ പള്ളിയറ ശ്രീധരന്റെ പ്രശസ്തമായ 50 മത്തെ പുസ്തകമാണ് 'ഗണിത ശാസ്ത്ര പ്രതിഭകൾ' കണ്ണൂർ ജില്ലയിലെ എടയന്നൂരിൽ ജനിച്ച അദ്ദേഹം കൂടാളി ഹൈ സ്കൂളിലെ ഗണിത ശാസ്ത്ര അദ്ധ്യാപകനായിരുന്നു.

ഗണിത ശാസ്ത്ര പ്രതിഭകൾ എന്ന ഈ പുസ്തകത്തിൽ ഗണിത ശാസ്ത്രത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിച്ച് അനശ്വരരായിതീർന്ന പ്രതിഭകളുടെ ജീവ ചരിത്ര കുറിപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് .ജീവചരിത്രത്തോടൊപ്പം അവരുടെ സംഭാവനകളും കമ്ട്ടു പിടിത്തങ്ങളും ചിത്രങ്ങളും ഇതിലുണ്ട്. ഗണിത ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന പൈഥഗോറസിന്റെ ജീവിതത്തെ പറ്റിയും ,ജ്യാമിതിയുടെ പിതാവ് എന്നറിയപ്പെടുന്ന യൂക്ലിഡിന്റെ സിദ്ധാതത്തെയും അടിസ്ഥാനത്ത്വങ്ങൾ എന്ന ഗ്രന്ഥത്തെയും പറ്റി പറയുന്നു. ഓരോ ശാസ്ത്രജ്ഞന്മാരുടെയും സിദ്ധാന്തങ്ങൾ വലിയ തോതിൽ ഇവിടെ അവതരിപ്പിക്കുന്നുണ്ട്. പുരാതനകാലം മുതൽ ആദുനിക കാലത്തോളമുള്ള പ്രശസ്തരായ ഗണിത ശാസ്ത്രജ്ഞന്മാരെ ഈ പുസ്തകത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. അവരുടെ കൃതികൾ ജീവിത സ്ഥലം എന്നിവയൊക്കെയും നമ്മൾക്ക് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. വളരെ ലളിതമായ ഭാഷയും ആശയവുമാണ് ഇതിൽ ഉള്ളത്. മികച്ച ശാസ്ത്ര ഗ്രന്ഥത്തിനുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിഥി വകുപ്പിന്റെ അവാർഡ് നേടിയ ഈ കൃതി എല്ലാവർക്കും ഉപകരിക്കും എന്നതിൽ സംശയമില്ല.



തീർത്ഥ എൻ
IX B

## HARDY BOYS

The hardy boys' is a 'titanic mystery' by Frankish W. Dixon where Frank and Joe with the help of five teen detectives tries to solve.

Go through the 15 chapters of this 'The Caribbean Cruise Caper'.


The hardy boys are two brothers , Frank and Joe hardy. They are average teenagers with a strong combination of inquisitiveness and curiosity . With such a potent combination, they operate as part time detectives and solve a great many mysteries . Hence , the Hardy Boys mysteries. The boys live in the town of Bay port with their father and their mother . The father is an amazing detective , so the boys already possess a role model. It is not surprising that the boys emulate their father , as was convention and time . The Hardy Boys represent the idea that was growing in America at that time: Any problem can be solved with innovative approaches and team work. This mentality serves as the basis of all Hardy Boys stories . Over time , boys stories have changed , but the fundamental previews of being able to apply pragmatic thought in thing about how things happened , similar to envisioning how to do things “differently and better” helps them to solve all cases . Earning the respect of their father and in some cases , exceeding it.

What might be most fascinating about the Hardy Boys mysteries is how the formula for success never changed from 1927 – 1979 ,the boys demonstrated that intelligence ,skill, mental attitude and toughness , with a little bit of luck will always prevail. Reflect for a moment how much America changed from that time period : The Second World War , the Atomic Bomb , the cold war , the 1960's upheaval , the vietnam war and the malaise that followed were but a few of events that America endured . It is

interesting to note that despite such changes in American history and culture , the Hardy Boys remained consistent . Either the series was evidence of America's greatest strength or its greatest foolishness .



Mizna Mehjebin
IX- F



# അഭിമുഖം

## തച്ച ശാസ്ത്രത്തിലെ ഗണിതം

നമ്മുടെ ഗ്രാമത്തിലെ പ്രശസ്തനായ തച്ച ശാസ്ത്ര വിദഗ്ദൻ രാജീവൻ ആശാരിയുമായി നന്ദന ദിനേശൻ എന്ന വിദ്യാർത്ഥിനി നടത്തിയ ഒരു അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ

സർ അങ്ങ് എത്ര വർഷമായി ഈ ജോലി ചെയ്യുന്നു? പരമ്പരാഗത രീതിയിലാണോ താങ്ങൾ ജോലി ചെയ്യുന്നത്?

ഞാൻ ഈ ജോലി 30 വർഷമായി ചെയ്തു വരുന്നു. അതെ ഞാൻ പരമ്പരാഗത രീതിയിൽ തന്നെയാണ് ഈ ജോലി ചെയ്തു വരുന്നത്.

അങ്ങ് ആരുടെ കീഴിലാണ് ജോലി അഭ്യസിച്ചത്?

എന്റെ മുത്തശ്ശൻ വളരെ പേരുകേട്ട ആശാരിയായിരുന്നു. അദ്ദേഹത്തിന്റെ കീഴിലാണ് ഞാൻ ഈ ജോലി അഭ്യസിച്ചത്.

സർ ഈ ആധുനിക കണക്കും പരമ്പരാഗത കണക്കും തമ്മിലുള്ള വ്യത്യാസം എന്തൊക്കെ?

പരമ്പരാഗത കണക്കാണ് കോൽ പര്യന്തം. ഇപ്പോൾ മീറ്റർ ടാപ്പ് കണക്കാണ് ഉപയോഗിക്കുന്നത്. ഞാൻ ഇപ്പോഴും ഉപയോഗിക്കുന്നത് കോൽ പര്യന്തമാണ്.

പഴയ കാലത്തെ വീടുകൾ ഇന്നത്തെ വീടുകളുമായി താരതമ്യം ചെയ്യുമ്പോൾ ഒരുപാട്

വ്യത്യാസങ്ങൾ നമ്മുക്ക് കാണാൻ പറ്റുമല്ലോ. ആക്കാലത്ത് വീടുകളുടെ മേൽക്കുരയുടെ അളവുകളൊക്കെ കൃത്യമായി എങ്ങനെയാണ് അളക്കുന്നതും, അതെങ്ങനെയാണ് നിർമ്മിക്കുന്നതും?

മുഴക്കോൽ വീടിന്റെ മേൽക്കൂരയുടെ ചുറ്റളവ് എടുക്കുന്നു. ഓടും മരവും കൊണ്ട് നിർമ്മിക്കുന്നു.

അങ്ങയുടെ അഭിപ്രായത്തിൽ എങ്ങനെയുള്ള ഭൂമിയാണ് കെട്ടിട നിർമ്മാണത്തിന് അനുയോജ്യം?

സമചതുര ഭൂമിയാണ് കെട്ടിട നിർമ്മാണത്തിന് അനുയോജ്യം. കര പറമ്പാണ് ഉത്തമം.



പണ്ടുകാലത്ത് വീട്ടു നിർമ്മാണത്തിനുവേണ്ടി ദിശ മനസ്സിലാക്കുന്നതെങ്ങനെ?

തവക്ക കൊണ്ടാണ് ദിശ മനസ്സിലാക്കുന്നത്.

പണ്ടുകാലത്ത് കട്ടിള അളവെത്ര?ആധുനിക രീതിയിലുള്ള കട്ടിളയുടെ അളവെത്ര?

പണ്ടുകാലത്ത് ചെറിയ അളവാണ് ഉപയോഗിച്ചിരുന്നത് [1-2] [2-11 1/2]. ഇപ്പോൾ അത് വലിയ അളവാണ് ഉപയോഗിക്കുന്നത് [1-8][2-17 1/2].

## Mathmatics Quotes

Like the crest of a peacock so is mathematics at the head of all knowledge
Indian saying

I have no faith in political arithmetic
Adam smith

Mathematics is an independent world created out of pure intelligence
William wordsworth

Everything but mathematics must come to an end
Paul Erdos

Mathematics is the handwriting on the human consciousness of the very spirit of life itself
Claude Bragdon

A mathematician like a painter or a poet is a maker of patterns..... with ideas
Godfery H Hardy

God is a skillful geometrician
sir Thomas Browne

Mathematics is the art of giving the same name to different things
Henry Poincare

Mathematics is the science of what is clear by itself
Carl Jacobi

The moving power of mathematical invention is not reasoning but imagination
Augustus de Morgan

He who can properly define and divide is to be considered as god
Plato

With me everything turns into mathematics

Rene Descrates

Inspiration is needed in geometry just as much as in poetry

Alexander Pushkin

An irrational number..... lies hidden in a cloud of infinity

Michael Stife

Number theorists are like lotus eaters- having once tasted of this food they can never give up

Leopoid Kronecker

Geometry enlightens the intellect and sets once mind right

Ibn Kaldun

Mathematics is not only real but it is reality

Mastin Gardner

Geometry is the right foundation of all painting

Albrecht Durer

Mathematics is the supreme arbiter. From its decision there is no appeal

Toblas Dantzig


There is an astonishing imagination even in the science of mathematics

Voltaire




Madhusoodanan M

# വരകൾ
# വർണ്ണങ്ങൾ





Vismaya V
XII






Sana Sadique
XII






Nandana K V
X E





Karthika Satheesh
IX E






Shahana E P
IX A






Jithul K
Vi D





Laijith
V A






Risana A P
IX B





Nandana Dineshan
IX B

## ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്



## സ്കൗട്ട് & ഗൈഡ്സ്



## ജെ ആർ സി



## എൻ സി സി



## ഓർമ്മയിലെ സുവർണ നിമിഷങ്ങൾ

നമ്മുടെ സ്കൂളിലെ സിവിൽ സർവീസ് അംഗങ്ങൾക്ക് വേണ്ടി നടന്ന ചില പ്രമുഖരുടെ ക്ലാസ്സുകളിൽ നിന്ന്.....





തേനീച്ച വളർത്തൽ പരിശീലന ക്ലാസ്സിൽ നിന്ന്.....





പെൺകുട്ടികൾക്ക് വേണ്ടി നടന്ന self defence training യിൽ നിന്ന്.........






നമ്മുടെ സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയും, ബൈജ്യൂസ് ആപ്പ് ഉടമയുമായ ബൈജു രവീന്ദ്രൻ സ്വന്തം സ്കൂളിൽ........





ഫൈൻ ആർട്സ് ക്ലബ്ബ്- കളർ ലാബ്





സ്വാതന്ത്ര്യ ദിനാഘോഷം



ഗണിത  ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന കുട്ടികൾ തയ്യാറാക്കിയ 45 ഗണിത മാഗസിന്റെ പ്രകാശനത്തിൽ നിന്ന്.....





കായിക മേളയിൽ നിന്ന്.......





കലോത്സവത്തിൽ നിന്ന്...........................





## സൈബർ ലോകത്തെ ശരിതെറ്റുകളെ കുറിച്ച് - ഐ പി എസ് ഓഫീസർ സഞ്ജയ് ഗരുഡിൻ






## ആലംബഹീനർക്ക് ഒരു കൈത്താങ്ങ്









കൂരിരുട്ടത്ത്
ഒരു മെഴുകുതിരി വെട്ടം
അതായിരിക്കാം
ഈ മിഴാവിലെ രചനകൾ.
നിശ്ശബ്ദതയ്ക്കിടയിൽ
ഒരു വിരൽ ശബ്ദമായി
അതു പക്ഷേ ഇവിടെയുണ്ട്.

# നന്ദി..............